بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 5

ലക്കം 32

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ആഗസ്റ്റ് 06/ഹി.ശം. 1399 ളുഹൂർ 06/1441 ദുൽഹിജ്ജ 15


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا لَا تَاۡكُلُوۡۤا اَمۡوَالَـكُمۡ بَيۡنَكُمۡ بِالۡبَاطِلِ اِلَّاۤ اَنۡ تَكُوۡنَ تِجَارَةً عَنۡ تَرَاضٍ مِّنۡكُمۡ‌ وَلَا تَقۡتُلُوۡۤا اَنۡفُسَكُمۡ‌ؕ اِنَّ اللّٰهَ كَانَ بِكُمۡ رَحِيۡمًا ○(النساء:30)

'വിശ്വസിച്ചവരേ! നിങ്ങളുടെ ധനം പരസ്പരം അന്യായമായ നിലയിൽ കരസ്ഥമാക്കി ഭക്ഷിക്കരുത്. എന്നാൽ, (അതു കരസ്ഥമാകുന്നത്) നിങ്ങളിൽനിന്നും ഉഭയസമ്മതത്തോടെയുള്ള കച്ചവടമാകുന്നത് അനുവദനീയമാണ്. നിങ്ങൾ നിങ്ങളെത്തന്നെ വധിക്കുകയുമരുത്. തീർച്ചയായും അല്ലാഹു നിങ്ങളോടു വളരെയേറെ കരുണയുള്ളവനാകുന്നു.'(4:30)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ആരാണോ തങ്ങളുടെ യഥാർഥവും പ്രകൃതിപരവുമായ ഉദ്ദേശ്യം ഉപേക്ഷിച്ചുകൊണ്ട് കന്നുകാലികളെപ്പോലെ ജീവിക്കുകയും തങ്ങളുടെ ജീവിതോദ്ദേശ്യം കേവലം തിന്നുക കുടിക്കുക ഉറങ്ങുക എന്നതിൽമാത്രം വെക്കുകയും ചെയ്തിരിക്കുന്നത് അവർ അല്ലാഹുവിന്റെ ഫള്ൽ അഥവാ കൃപാതിരേകത്തിൽനിന്ന് അകന്നുപോയി കിടക്കുകയാണ്. അവരെ സംബന്ധിച്ച് അല്ലാഹുവിന് ഒരു ഉത്തരവാദിത്വവുമില്ല.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### മനുഷ്യ സൃഷ്ടിപ്പിന്റെ യഥാർഥ ഉദ്ദേശ്യം:

അൽഅസ്ർ എന്ന അധ്യായത്തിൽ അല്ലാഹു അവിശ്വാസികളുടേയും സത്യവിശ്വാസികളുടേയും ജീവിതത്തിന്റെ മാതൃകകൾ പറഞ്ഞിരിക്കുന്നു. അവിശ്വാസികളുടെ ജീവിതം തികച്ചും കന്നുകാലികളെപ്പോലുളളതാകുന്നു. അവയ്ക്ക് തിന്നുക കുടിക്കുക ഭോഗിക്കുക എന്നതല്ലാതെ ഒരു ജോലിയുമില്ല. *യഅ്കുലൂന കമാ തഅ്കുലുൽ അൻആമ*(47:13). എന്നാൽ, നോക്കൂ ഒരു 'മൂരി' പുല്ലു നല്ലവണ്ണം തിന്നുകയും ഉഴുതുന്ന നേരത്ത് ഇരുന്നുകളയുകയും ചെയ്താൽ ഫലമെന്തായിരിക്കും? കർഷകൻ അതിനെ അറവുശാലയിൽ കൊണ്ടുപോയി വില്ക്കും. ഇപ്രകാരം ഇക്കൂട്ടരെ കുറിച്ച് (ദൈവകല്പന പാലിക്കാതെ നടക്കുകയും തങ്ങളുടെ ജീവിതം കുഴപ്പങ്ങളിലും കുറ്റകൃത്യങ്ങളിലും കഴിച്ചുകൂട്ടുകയും ചെയ്യുന്നവരെ കുറിച്ച്) പറയുന്നു: *ഖുൽ മാ യഅ്ബഉ ബിക്കും റബ്ബീ ലൗ ലാ ദുആഉക്കും*(25:78) നിങ്ങൾ അവനെ ആരാധിക്കുന്നില്ലെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ്? അല്ലാഹുവിനെ ആരാധിക്കാൻ സ്നേഹത്തിന്റെ ആവശ്യമുണ്ടെന്ന കാര്യം ഹൃദയസാന്നിധ്യത്തോടെ ഓർമവെക്കേണ്ടതാണ്. സ്നേഹം രണ്ടുതരമുണ്ട്. ഒരു സ്നേഹം വ്യക്തിപരമാണ്. ഒന്ന് ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ടതാണ്. അതായത് അതിനുകാരണം കേവലം കുറച്ച് താൽക്കാലിക കാരണങ്ങളായിരിക്കും. അവ നീങ്ങിയയുടനെ ആ സ്നേഹം തണുത്ത് വിഷമത്തിനും ദുഃഖത്തിനും നിമിത്തമായിത്തീരുന്നു. എന്നാൽ, വ്യക്തിപരമായ സ്നേഹം സത്യമായ സംതൃപ്തി ഉണ്ടാക്കുന്നു. കാരണം മനുഷ്യൻ പ്രകൃത്യാതന്നെ അല്ലാഹുവിനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുളളത്. *മാ ഖലഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ*(51:57) എന്നെ ആരാധിക്കാൻവേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല. അതുകൊണ്ട് അല്ലാഹു മനുഷ്യപ്രകൃതിയിൽത്തന്നെ തനിക്കുവേണ്ടി കുറച്ചൊക്കെ നിക്ഷേപിച്ചുവച്ചിരിക്കുന്നു. അതിസൂക്ഷ്മമായ കാര്യഹേതുക്കൾക്കൊണ്ട് അവനെ തനിക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹു നിങ്ങളുടെ സൃഷ്ടിപ്പിന്റെ യഥാർഥ ഉദ്ദേശ്യം നിങ്ങൾ അവനെ ആരാധിക്കണം എന്നതാക്കിവച്ചിരിക്കുന്നുവെന്നാണ്. എന്നാൽ, ആരാണോ തങ്ങളുടെ യഥാർഥവും പ്രകൃതിപരവുമായ ഉദ്ദേശ്യം ഉപേക്ഷിച്ചുകൊണ്ട് കന്നുകാലികളെപ്പോലെ ജീവിക്കുകയും തങ്ങളുടെ ജീവിതോദ്ദേശ്യം കേവലം തിന്നുക കുടിക്കുക ഉറങ്ങുക എന്നതിൽമാത്രം വെക്കുകയും ചെയ്തിരിക്കുന്നത് അവർ അല്ലാഹുവിന്റെ ഫള്ൽ അഥവാ കൃപാതിരേകത്തിൽനിന്ന് അകന്നുപോയി കിടക്കുകയാണ്. അവരെ സംബന്ധിച്ച് അല്ലാഹുവിന് ഒരു ഉത്തരവാദിത്വവുമില്ല. അവൻ *മാ ഖലഖ്ത്തുൽജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ* നിൽ വിശ്വസിച്ചുകൊണ്ട് ജീവിതഗതി മാറ്റുന്നവരുടെ ഉത്തരവാദിത്വമാണ് ഏറ്റെടുത്തിട്ടുളളത്. മരണം ഏതു നേരത്താണ് വരുന്നതെന്ന് അറിയില്ല.

ആയുസ്സിൽ വിശ്വാസമർപിക്കുക എന്നത് ബുദ്ധിമാന്മാരുടെ പണിയല്ല; മരണം പെട്ടെന്നാണ് റാഞ്ചിക്കൊണ്ടു പോകുന്നത്; അതിന്റെ വരവ് മനുഷ്യന് അറിയാൻപോലും കഴിയുകയില്ല. ഇങ്ങനെ അവൻ മരണത്തിന്റെ കൈപ്പിടിയിലിരിക്കുമ്പോൾ പിന്നീട് അവന്റെ ജീവിതത്തിന് അല്ലാഹുവല്ലാതെ ആരാണ് ഉത്തരവാദപ്പെട്ടവനാകുക.

### അല്ലാഹുവിനുവേണ്ടി ജീവിതം:

ജീവിതം അല്ലാഹുവിനുവേണ്ടിയാണെങ്കിൽ അല്ലാഹു അവനെ സംരക്ഷിക്കുന്നതാണ്. ബുഖാരിയിൽ ഒരു ഹദീഥുണ്ട്. ആരാണോ അല്ലാഹുവുമായി സ്നേഹബന്ധം പുലർത്തുന്നത് അല്ലാഹു അവന്റെ അവയവങ്ങളായിത്തീരുന്നതായിരിക്കും. മറ്റൊരു നിവേദനത്തിലുണ്ട്. അവന്റെ സുഹൃത്ബന്ധം എത്രമാത്രം ആയിത്തീരുന്നുവെന്നാൽ, ഞാൻ അവന്റെ കൈയും കാലും തുടങ്ങി എത്രത്തോളമെന്നാൽ അവൻ സംസാരിക്കുന്ന നാവുമായിത്തീരുന്നു. യഥാർഥ കാര്യമിതാണ്, മനുഷ്യൻ ശാരീരികേച്ഛയിൽനിന്ന് സംശുദ്ധനാകുകയും ദേഹേച്ഛകൾ ഉപേക്ഷിച്ച് ദൈവികോദ്ദേശ്യങ്ങളുടെ ഉള്ളിൽ നടക്കുകയും ചെയ്യുമ്പോൾ അവന്റെ ഒരു കർമവും അനുവദനീയമല്ലാത്തതാകുകയില്ല. പ്രത്യുത എല്ലാ ഓരോ കർമവും അല്ലാഹുവിന്റെ ഇച്ഛയ്ക്കുവിധേയമായിട്ടായിരിക്കുമുണ്ടാകുക. അതിനെക്കാളുപരി അല്ലാഹു അതിനെ തന്റെ കർമമായി നിശ്ചയിക്കുകയും ചെയ്യുന്നു. ഇത് ദൈവസാമീപ്യത്തിന്റെ ഒരു സ്ഥാനമാണ്. അവിടെയെത്തി സുലൂക്കിന്റെ ഘട്ടങ്ങളെ പൂർണമായ നിലയിൽ തരണം ചെയ്യാത്തവരോ വഞ്ചിക്കപ്പെട്ടവരോ ദൈവത്വത്തെകുറിച്ച് അജ്ഞരായവരോ ദൈവസാമീപ്യത്തിന്റെ അർഥം മനസ്സിലാക്കാത്തവരോ ആണെങ്കിൽ അവർ തെറ്റായ ധാരണയോടുകൂടി പ്രവൃത്തിച്ചു. അദ്വൈതവാദത്തിന്റെ പ്രശ്നം നിർമിച്ചു. മനുഷ്യൻ പരീക്ഷണത്തിൽ പതിയുമ്പോൾ ആ കർമം ദൈവതീരുമാനം അനുസരിച്ചുളളതായിരിക്കുകയില്ലെന്ന കാര്യം ഓർക്കേണ്ടതാണ്. ദൈവപ്രീതി അതിനു വിരുദ്ധമായിരിക്കും. അത്തരം വ്യക്തി ദൈവേച്ഛയ്ക്ക് വിധേയനാകാതെ സ്വന്തം ശരീരേച്ഛയ്ക്ക് വിധേയനായിരിക്കും. പക്ഷേ, അല്ലാഹുവിന്റെ വലിയ്യും അല്ലാഹു ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുളളതുമായ വ്യക്തിയുടെ അനക്കമടക്കമൊന്നും ദൈവഗ്രന്ഥത്തിന് വിരുദ്ധമായിരിക്കുകയില്ല. അവൻ തന്റെ എല്ലാ ഓരോ കാര്യത്തിനും തീരുമാനത്തിനും ദൈവഗ്രന്ഥത്തിലേക്ക് മടങ്ങുന്നു; അതിൽനിന്ന് അഭിപ്രായം തേടുന്നു.

പിന്നീട് പറയുന്നു, അവന്റെ ജീവനെടുക്കുന്നതിൽ അല്ലാഹുവിന് വലിയ വ്യാകുലത ഉണ്ടാകുന്നു; അല്ലാഹു വ്യാകുലതയിൽനിന്ന് പരിശുദ്ധനാണ്! പറഞ്ഞതിന്റെ ഉദ്ദേശ്യം ഒരു ഉദ്ദേശ്യത്തിനുവേണ്ടി അവനു മരണം നല്കുന്നുവെന്നാണ്. ഒരു മഹത്തായ ഉദ്ദേശ്യത്തിനുവേണ്ടി അവനെ മറ്റൊരു ലോകത്ത് കൊണ്ടുപോകുന്നു. ഇല്ലെങ്കിൽ അവന്റെ ഇവിടുത്തെ നിലനിൽപ് അവന് വളരെ പ്രിയപ്പെട്ടതാണ്. അതിനാൽ ജീവൻ എടുക്കുമ്പോൾ അല്ലാഹുവിന് വ്യാകുലത ഉണ്ടാകുന്ന തരത്തിലുളള ജീവിതമല്ല മനുഷ്യന്റേതെങ്കിൽ അവൻ മൃഗങ്ങളെക്കാൾ അധഃപതിച്ചവനാണ്. ഒരു ആടിനെക്കൊണ്ട് ധാരാളമാളുകൾക്ക് പ്രയോജനമുണ്ടാകുന്നു. അതിന്റെ തൊലിയും ഉപയോഗിക്കാം. മനുഷ്യൻ ഏതവസ്ഥയിലുമാകട്ടെ, മരിച്ചാലും അവനെക്കൊണ്ട് ഒരു പ്രയോജനവുമില്ല. എന്നാൽ, സ്വാലിഹായ മനുഷ്യന്റെ സ്വാധീനം അവന്റെ മക്കളിലുമുണ്ടാകുന്നു. അയാളിൽനിന്ന് അവരും പ്രയോജനമെടുക്കുന്നു. യഥാർഥത്തിൽ അവൻ മരിക്കു

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സാജിദ ഹമീദ്

## ഹാർട്ടലെപൂൾ ജമാഅത്തിന്റെ മാതാവ്

**""The Pool Of Hearts"**

**മുനവ്വറ ഗൗറി, സാലിസ്ബറി**

**വിവർത്തനം: നിലോഫർ ടി.എ. പള്ളൂരുത്തി**

എന്റെ ഉമ്മ, സാജിദ ഹമീദ് സാഹിബ ഈ ലോകത്ത് നിന്നു വിട പറഞ്ഞിട്ട് ഏകദേശം പത്തൊൻപത് വർഷം പിന്നിടുന്നു. അവരെക്കുറിച്ചുള്ള ഓർമകൾ ഇന്നും, പലരുടെയും മനസ്സിൽ മങ്ങാതെ കുടികൊള്ളുന്നു. തീർച്ചയായിട്ടും ക്യൂൻ വിക്ടോറിയയെ പോലെ നിങ്ങളും ചരിത്രത്തിൽ ഓർമിക്കപ്പെടുമെന്ന് ഉമ്മയോട് ഒരിക്കൽ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞതുപോലെതന്നെ അഹ്മദിയ്യാ ചരിത്രത്തിൽ ആവർത്തിക്കപ്പെടുന്ന നാമമാണ് 'സാജിദ ഹമീദ്.' ഭൂരിപക്ഷ അംഗങ്ങളും തദ്ദേശീയരായിട്ടുള്ള ഒരു ജമാഅത്ത് സ്ഥാപിച്ച ആദ്യ ലജ്ന അംഗം എന്നതാണ് ആ മഹതിയുടെ പ്രത്യേകത. പതിനെട്ടോളം സ്ത്രീകൾക്ക് അവർ മുഖേന അഹ്മദിയ്യത്ത് സ്വീകരിക്കുവാനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായി. അവർ ഇതൊക്കെയും ചെയ്തത് ഇരുപത് വർഷത്തിനുള്ളിലായിരുന്നു. അതും നാലു മക്കളും ഭർതൃമാതാവും അടങ്ങുന്ന വലിയൊരു കുടുംബത്തെ പരിപാലിക്കുകയും കുടുംബ ബിസിനസ്സ് നോക്കിനടത്തുകയും പരിശുദ്ധ പ്രവാചകൻ(സ)യെ കുറിച്ച് പുസ്തകം എഴുതുകയും, 'കൗകബ്' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുകയും ഇതിനൊക്കെ പുറമെ അർബുദം എന്ന മാരകമായ രോഗത്തോട് മല്ലിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനിടയിലാണെന്നത് നമ്മെ വല്ലാതെ അത്ഭുതപ്പെടുത്തുന്നു.

അല്ലഹുവിന്റെ നിശ്ചയപ്രകാരം നാൽപത്തിയേഴാം വയസ്സിൽ സാജിദ ഹമീദ് സാഹിബ ഇഹലോകവാസം വെടിയുമ്പോൾ, പലരും തങ്ങളുടെ ജീവിതസമയത്തിൽ കൈവരിക്കുന്നതിൽ ഇരട്ടിയിലേറെ കാര്യങ്ങൾ തന്റെ ഹ്രസ്വ ജീവിതകാലയളവിൽ കൈവരിക്കുവാൻ അവർക്ക് കഴിഞ്ഞു.

**ഹാർട്ടൽ പൂളിലെ പ്രാരംഭവർഷങ്ങളും ആദ്യ ബയ്അത്തും**

ബ്രിഗേഡിയർ മുഹമ്മദ് വാഖിയുസ്സമാൻ-ഖാനിത്താ ഖാൻ ദമ്പതികളുടെ മകളായി സാജിദ സാഹിബ 1947 ഏപ്രിൽ 13ന് അമൃതസറിലാണ് ജനിച്ചത്. രണ്ടു വയസ്സ് പ്രായമുള്ളപ്പോൾ, ഉമ്മ മരണപ്പെട്ടു. തുടർന്ന്, പിതാവ് വളരെ സ്നേഹത്തോടെ സാജിദയെ പരിപാലിക്കുകയും അവർക്ക് ഏഴു വയസ്സ് പ്രായമാകും വരെ പുനർവിവാഹം കഴിക്കാതിരിക്കുകയും ചെയ്തു. പിന്നീട്, പിതാവ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ (റ)യുടെ മകൾ അമത്തുൽ മജീദ് സാഹിബയെ വിവാഹം കഴിച്ചതിലൂടെ വാഗ്ദത്ത മസീഹിന്റെ കുടുംബാംഗങ്ങളോടൊത്ത് സഹവസിക്കുവാനും ഭക്തിയുടെ അനുഗൃഹീത അന്തരീക്ഷത്തിൽ വളരാനുമുള്ള സൗഭാഗ്യം സാജിദയ്ക്ക് ലഭിക്കുകയുണ്ടായി. ഇത് അവരിൽ ഈമാനിനെ ദൃഢമാക്കുകയും പിന്നീടത് അനേകരിലേക്ക് വാഗ്ദത്ത് മസീഹിന്റെ സന്ദേശം എത്തിക്കുവാനുള്ള ആവേശമായി മാറുകയും ചെയ്തു.

സാജിദയുടെ വിവാഹം 1969 ഫെബ്രുവരിയിൽ, അബ്ദുൽ മജീദുഖാൻ സാഹിബിന്റെയും മലികഃ ഖാനം സാഹിബയുടെയും പുത്രനായ ഡോക്ടർ ഹമീദുഖാൻ സാഹിബുമായി നടന്നു. പഠനത്തിൽ മിടുക്കിയും ബുദ്ധിമതിയുമായ സാജിദ വിവാഹത്തിനുമുമ്പേ, ഇംഗ്ലീഷിൽ രണ്ട് ബിരുദാനന്തരബിരുദവും കരസ്ഥമാക്കിയിരുന്നു. അവരുടെ കുടുംബത്തിലെ പെൺകുട്ടികൾക്ക് അക്കാലത്ത് അതൊരു പുതുമയായിരുന്നു.

1971ൽ, ഈ യുവദമ്പദികൾ ഇംഗ്ലണ്ടിലെ വടക്കൻ പ്രവിശ്യയായ ഹാർട്ടൽപൂളിൽ സ്ഥിരതാമസമാക്കുകയുണ്ടായി. ആദ്യ കാഴ്ചയിൽത്തന്നെ ഹാർട്ടൽപൂളിന്റെ കുലീനത്വം അവരെ കീഴ്പ്പെടുത്തിയിരുന്നു. തുറമുഖവും ഫാക്ടറികളുമൊക്കെയുള്ള ഒരു വടക്കൻ നഗരമായിരുന്നു ഹാർട്ടൽപൂൾ. എന്റെ മാതാപിതാക്കൾക്ക് വടക്കൻ പ്രവിശ്യയിലുള്ള ജനങ്ങളെ വലിയ കാര്യമായിരുന്നു. അവർ എളുപ്പത്തിൽ ചങ്ങാത്തം കൂടുന്നവരും വിനയശീലരാണെന്നും പറയുമായിരുന്നു. വീടിനടുത്തുള്ള ലേക്ക് ഡിസ്ട്രിക്റ്റ് (Lake district) അവരെ വളരെയധികം ആനന്ദിപ്പിച്ചിരുന്നു. കൂടാതെ വിരുന്നിനുവരുന്ന ബന്ധുമിത്രാദികളെയും കൂട്ടി വിൻടെർമിയറിന്റെയും (Lake Windermere) ഉൾസ്വാട്ടറിന്റെയും (Ullswater) പ്രകൃതിഭംഗി കാണാൻ പോകുന്നത് അവർ പതിവാക്കിയിരുന്നു.

സാജിദയും ഡോക്ടർ ഹമീദും ആദ്യമായി ചങ്ങാത്തത്തിലാവുന്നത് പമേല എൽഡറു (Pamela Elder)മായിട്ടാണ്. ഹാർട്ടൽപൂൾ ജനറൽ ആശുപത്രിയിൽ മെഡിക്കൽ റജിസ്ട്രാറായി ഡോക്ടർ ഹമീദ്ഖാൻ പരിശീലനം നേടുന്ന സമയമായിരുന്നു അത്. അവരുടെ ഫ്ളാറ്റ്, പമേല എൽഡർ നേഴ്സായിരുന്ന മെഡിക്കൽ വാർഡിൽ നിന്നു നോക്കിയാൻ കാണാൻ കഴിയുമായിരുന്നു. ചക്രകസേരയിൽ കുഞ്ഞുവാവയെയുമിരുത്തി ഓമനത്തമുള്ള ചെറിയ പെൺകുട്ടിയുടെ കൈപിടിച്ച് സായാഹ്ന സവാരിക്കിറങ്ങുന്ന ഈ യുവദമ്പതികളെ പമേല എൽഡർ എന്നും കാണുമായിരുന്നു. ആശുപത്രി ജീവനക്കാർ തമ്മിൽ ക്രിസ്തുമസ്സിന് സമ്മാനങ്ങൾ കൈമാറുകയെന്നത് അവിടുത്തെ പതിവായിരുന്നു. അങ്ങനെയൊരിക്കൽ പമേല എൽഡർ സമ്മാനപ്പൊതികളുമായി അവരുടെ ഫ്ളാറ്റിലേക്ക് ചെല്ലുകയുണ്ടായി. സൗഹൃദത്തിന്റെ, ഹൃദയവിശാലതയുടെ ഈ ആദ്യ ചുവടുവെയ്പ്പാണ് അവരുടെ ഭാവി ജീവിതത്തെ മാറ്റി മറിച്ചതും 'ദാഈ ഇലല്ലാഹ്' ആയുള്ള സാജിദയുടെ ജീവിതത്തിന് തുടക്കം കുറിച്ചതും. പിന്നീട് എന്റെ ഉപ്പയും ഉമ്മയും പമേല എൽഡറിനെ വീട്ടിലേക്ക് ക്ഷണിക്കുകയുണ്ടായി. അങ്ങനെ അതൊരു ആയുഷ്കാല സൗഹൃദത്തിന് തുടക്കം കുറിച്ചു. എന്റെ ഉമ്മയ്ക്ക് അവർ സ്വന്തം അനുജത്തിയായിരുന്നു; ഞങ്ങൾക്ക് അവർ 'പാം ആന്റി'യും. പലപ്പോഴും ഉമ്മയും ഉപ്പയും പുറത്തു പോവുമ്പോൾ ഞങ്ങളെ നോക്കുവാനുള്ള ഉത്തരവാദിത്വം പാമിനായിരിക്കും.

ഞങ്ങൾക്ക് സ്വന്തത്തിലുള്ള അമ്മായിമാരോടുള്ളതിനേക്കാൾ അടുപ്പം പാമിനോടായിരുന്നു. ഏഷ്യൻ വിഭവങ്ങളുടെ പാചകവിദ്യകളൊക്കെ ഉമ്മ പാമിന് പഠിപ്പിച്ചു കൊടുക്കാറുണ്ടായിരുന്നു. വർഷങ്ങളോളം സുഹൃത്തുക്കളായിരുന്നതിനു ശേഷമാണ് സാജിദ മതപരമായ വിഷയങ്ങൾ ചർച്ച ചെയ്യാൻ തുടങ്ങിയതെന്ന് പാം ഓർക്കുന്നു. തന്റെ ഉറ്റ സുഹൃത്തായ സാജിദയുടെ ആത്മാർഥതയെപ്പറ്റി പാമിന് നല്ല ബോധ്യമുണ്ടായിരുന്നു. അവർ പരസ്പരം വിശുദ്ധഖുർആനും ബൈബിളും കൈമാറി. വൈകുന്നേരങ്ങളിൽ ഒരുമിച്ചിരുന്ന് വിശുദ്ധ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി ഇസ്ലാമിന്റെയും ക്രിസ്തു മതത്തിന്റെയും ആശയങ്ങളെ മനസ്സിലാക്കുവാനുള്ള ശ്രമം തുടങ്ങി.

അങ്ങനെയിരിക്കെ, 1982 ഒക്ടോബറിലെ ചൗദരി സഫറുല്ലാഹ് ഖാൻ സാഹിബിന്റെ സന്ദർശനം സാജിദയുടേയും പാമിന്റെയും ജീവിതത്തിലെ വലിയൊരു വഴിത്തിരിവായിമാറി. അദ്ദേഹത്തിന്റെ വരവുമായി ബന്ധപ്പെട്ട് ചെറിയൊരു കൂട്ടായ്മ തന്റെ വീട്ടിൽ സംഘടിപ്പിച്ച സാജിദ, അതിലേക്ക് അയൽവീട്ടുകാരെയും മക്കളുടെ കൂട്ടുകാരെയും അവരുടെ മാതാപിതാക്കളെയും അധ്യാപകരെയും കൂടാതെ ഭർത്താവിന്റെ സഹപ്രവർത്തകരെയും ക്ഷണിച്ചു. ഇരുപതോ മുപ്പതോ വരുന്ന സ്ത്രീകളുടെ കൂട്ടത്തിനുവേണ്ടി എന്നത്തേയും പോലെ സ്വാദേറിയ ഭക്ഷണവും ഒരുക്കി. ചോദ്യോത്തര സദസ്സിനെ അഭിസംബോധന ചെയ്യുവാൻ ചൗദരി സഫറുല്ലാഹ് ഖാൻ സാഹിബിനെ സാജിദ ക്ഷണിച്ചു. പാം അദ്ദേഹത്തെ സശ്രദ്ധം കേൾക്കുകയുണ്ടായി. ആ വാക്കുകൾ അവരിൽ ചെലുത്തിയ സ്വാധീനം ചെറുതൊന്നുമായിരുന്നില്ല. പമേല പറയുന്നു:

"വളരെ പ്രചോദനാത്മകമായ സംസാരമായിരുന്നു അദ്ദേഹത്തിന്റേത്. കാണുമ്പോൾത്തന്നെ, അദ്ദേഹം പറയുന്നതെല്ലാം സത്യമാണെന്ന് നമുക്ക് തീർച്ചയാകും. പറയുന്നവ പ്രവർത്തിക്കുന്നൊരാളാണ് അദ്ദേഹമെന്ന് നമുക്ക് മനസ്സിലാവുകയും ചെയ്യും" ആത്മീയ നിറവിന്റെ ആ ദൈവിക നിമിഷത്തിൽ, മസീഹ് മൗഊദ്(അ)മിന്റെ ഈ അനുചരൻ പറഞ്ഞതിൽ വിയോജിപ്പുള്ള ഒരു

(ശേഷം പേജ് 8ൽ)

### ഹദീഥുന്നബവ്വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്ലിം)*

ത്വാലിബെ ദുആ
P.Abdul Ameer
Sadr, Ahmadiyya jama'ath Pathapiriyam (Kerala)

### ഹദീസുന്നബവ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Mathottam (Kerala)

# ഖുത്ബ ജുമുഅ

**യാ റസൂലല്ലാഹ്! ഞങ്ങൾ അങ്ങയുടെ മുമ്പിലും പിമ്പിലും വലത്തും ഇടത്തുംനിന്ന് പോരാടുന്നതായിരിക്കും. ഞങ്ങളുടെ ശവത്തിൽ ചവിട്ടിയല്ലാതെ ശത്രുക്കൾക്ക് അങ്ങയുടെ അടുത്തെത്താൻ കഴിയുകയില്ല.**

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ബദ്‌രീ സ്വഹാബിയും ഇസ്‌ലാമിന്റേയും ഇസ്‌ലാംമതസ്ഥാപകന്റേയും അങ്ങേയറ്റത്തെ പ്രേമിയും ഔസ് ഗോത്രത്തിന്റെ ഉന്നതനേതാവും ആത്മാർഥനും നബി(സ)തിരുമേനിയിൽ അനുരക്തനുമായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ പരിശുദ്ധമായ ജീവിതചരിത്ര വിവരണം.

**തിരുദൂതർ(സ) പറഞ്ഞു :** *“അല്ലാഹുവേ! അൻസ്വാറിന്റേയും അവരുടെ മക്കളുടേയുംമേൽ കരുണ ചൊരിഞ്ഞാലും.”*

**ഖുത്ബ ജുമുഅ 2020 ജൂലായ് 03/1399 വഫാ 03**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -

صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബ മുതൽ ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)നെക്കുറിച്ചാണ് പറഞ്ഞു വന്നത്. ബദ്ർ യുദ്ധത്തിൽ പ്രതിജ്ഞാപാലനത്തിന്റെ ഒരു സംഭവത്തെ കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു. അത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദും(റ) അദ്ദേഹത്തിന്റേതായ ശൈലിയിൽ വിവരിച്ചിട്ടുണ്ട്. അവിടന്ന് ഇപ്രകാരം പറയുന്നു: ‘പ്രേമമുള്ളിടത്ത് തന്റെ പ്രേമഭാജനത്തിന് എന്തെങ്കിലും ബുദ്ധുമുട്ടുണ്ടാകുന്നത് ആരും തന്നെ ഇഷ്ടപ്പെടുകയില്ലെന്നത് സ്വാഭാവികമായ കാര്യമാണ്. തന്റെ പ്രേമഭാജനം യുദ്ധത്തിനു പോകുന്നത് ആരും ഇഷ്ടപ്പെടുകയില്ല. പ്രേമഭാജനം എങ്ങനെയെങ്കിലും യുദ്ധത്തിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള എന്തു ശ്രമവും അവർ നടത്തുന്നതുമായിരിക്കും. അതുപോലെ നബി(സ)തിരുമേനി യുദ്ധത്തിനുപോകുന്നത് സ്വഹാബത്തും ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല; നബി(സ)തിരുമേനി യുദ്ധത്തിന് പോകുന്നതാണ് അവർ ഇഷ്ടപ്പെടാതിരുന്നത്. എല്ലാ പ്രേമിക്കും തന്റെ പ്രേമഭാജനത്തോടുണ്ടാകുന്ന സ്വാഭാവികമായ ആഗ്രഹമായിരുന്നു ഇത്. ഇതിനുപുറമെ നമ്മൾ കാണുന്നത്, ചരിത്രത്തിൽനിന്ന് ഇക്കാര്യത്തിന് മതിയാവോളം തെളിവും ലഭിക്കുന്നുണ്ട് നബി(സ)തിരുമേനി ബദ്റിനടുത്തെത്തിയപ്പോൾ അവിടന്ന് സ്വഹാബത്തിനോടു പറഞ്ഞു: ‘നമ്മുടെ പോരാട്ടം ഖാഫിലയുമായിട്ടല്ലെന്ന വിവരം അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു.’ പിന്നീട് അവിടന്ന് അവരിൽനിന്ന് അഭിപ്രായം ആരാഞ്ഞു. നിങ്ങളുടെ അഭിപ്രായമെന്താണെന്ന് പറയാൻ അവിടന്ന് സ്വഹാബത്തിനോടു പറഞ്ഞു. ‘അകാബിർ’(മുതിർന്ന) സ്വഹാബ നബി(സ)തിരുമേനിയുടെ ഈ സംസാരം കേട്ടപ്പോൾ ഓരോരുത്തരായി എഴുന്നേറ്റുനിന്ന് ജീവാർപ്പണ ആവേശത്തോടെ പ്രസംഗിച്ചു. അവർ പറഞ്ഞു: ഞങ്ങൾ എല്ലാ സേവനത്തിനും തയ്യാറാണ്. ഒരാൾ എഴുന്നേല്ക്കുകയും പ്രസംഗിച്ചിരിക്കുകയും ചെയ്യുമ്പോൾ രണ്ടാമത്തെയാൾ എഴുന്നേറ്റ് അഭിപ്രായം പറഞ്ഞ് ഇരിക്കുന്നു. ആരൊക്കെയാണോ എഴുന്നേറ്റ് അഭിപ്രായം പറഞ്ഞത് അവരെല്ലാം അല്ലാഹു തങ്ങളോടു കല്പിച്ചാൽ തങ്ങൾ തീർച്ചയായും യുദ്ധം ചെയ്യുന്നതായിരിക്കും എന്നായിരുന്നു. എന്നാൽ, ഒരാൾ അഭിപ്രായം പറഞ്ഞിരിക്കുമ്പോൾ അഭിപ്രായം പറയുക, അഭിപ്രായം പറയുക എന്ന് നബി(സ)തിരുമേനി പറഞ്ഞുകൊണ്ടിരുന്നു. അതിനു കാരണം അതുവരെ അഭിപ്രായം പറഞ്ഞവരെല്ലാം മുഹാജരീങ്ങളായിരുന്നു എന്നതാണ്. എന്നാൽ, അവിടന്ന് നിരന്തരം ഇങ്ങനെ പറഞ്ഞപ്പോൾ ഔസ് ഗോത്രനേതാവ് സഅ്ദ് ബിൻ മുആദ്(റ)ന്, നബി(സ)തിരുമേനിയുടെ ഉദ്ദേശ്യം മനസ്സിലായി. അദ്ദേഹം അൻസ്വാറിന്റെ ഭാഗത്തുനിന്ന് എഴുന്നേറ്റ് പറഞ്ഞു: അങ്ങയുടെ സവിധത്തിൽ അഭിപ്രായം പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ, അങ്ങ് വീണ്ടും വീണ്ടും പറയുന്നു അഭിപ്രായം പറയുക എന്ന്! ഇതിൽനിന്ന് മനസ്സിലാകുന്നത് അങ്ങ് അൻസ്വാറിന്റെ അഭിപ്രായം ചോദിക്കാൻ ആഗ്രഹിക്കുന്നുവെന്നാണ്. നമ്മുടെ മുഹാജിർ സഹോദരന്മാർ തങ്ങളുടെ ജനതയോടും തങ്ങളുടെ സഹോദരങ്ങളോടും യുദ്ധം ചെയ്യാനും അവരെ വധിക്കാനും ഇക്കൂട്ടർ ആഗ്രഹിക്കുന്നുവെന്ന് മനസ്സിലാക്കിയാലോ എന്നു കരുതി മാത്രമാണ് ഞങ്ങൾ ഇതുവരെ മൗനം പാലിച്ചത്. പിന്നീട് അദ്ദേഹം പറഞ്ഞു:യാ റസൂലല്ലാഹ്! അഖബ ബയ്അത്തിലെ അങ്ങയുടെ ഉടമ്പടിയെ പറ്റി അങ്ങയ്ക്ക് വിചാരമുണ്ടെന്ന് തോന്നുന്നു; അതിൽ ഞങ്ങളുടെ ഭാഗത്തുനിന്ന്, ‘ശത്രു മദീനയുടെമേൽ ആക്രമണം നടത്തിയാൽ ഞങ്ങൾ അതിനെ പ്രതിരോധിക്കുന്നതായിരിക്കുമെന്ന നിബന്ധന അവതരിപ്പിച്ചിരുന്നു. പക്ഷേ, മദീനയ്ക്ക് വെളിയിൽപോയി യുദ്ധം ചെയ്യേണ്ടി വന്നാൽ ഞങ്ങൾ അതിന് ഉത്തരവാദികളായിരിക്കുകയില്ല.’ അവിടന്ന്(സ) പറഞ്ഞു: അതേ! ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ) പറഞ്ഞു:‘യാ റസൂലല്ലാഹ്! ആ നേരത്ത് ഞങ്ങൾ അങ്ങയെ മദീനയിൽ കൊണ്ടുവന്നതാണ്. അങ്ങയുടെ ഉന്നതമായ സ്ഥാനത്തേയും പദവിയേയും കുറിച്ച് ഞങ്ങൾക്ക് ഒരു അറിവുമുണ്ടായിരുന്നില്ല. ഇപ്പോൾ ഞങ്ങൾ ഞങ്ങളുടെ കണ്ണുകൾകൊണ്ട് അങ്ങയുടെ യാഥാർഥ്യം കണ്ടു കഴിഞ്ഞു. ഇപ്പോൾ ആ ഉടമ്പടിക്കു ഞങ്ങളുടെ ദൃഷ്ടികളിൽ ഒരു വിലയുമില്ല. അതായത് അഖബ ബയ്അതിന്റെ നേരത്ത് ഉണ്ടായ ഉടമ്പടി ഭൗതികാടിസ്ഥാനത്തിൽ ഒരു സാധാരണ ഉടമ്പടിയായിരുന്നു. ഇപ്പോൾ ഞങ്ങൾ കാണുകയും അതിനുശേഷം ഞങ്ങളുടെ ആത്മീയമായ കണ്ണുകൾ തുറക്കുകയും ചെയ്തപ്പോൾ അതിന് ഒരു പ്രസക്തിയുമില്ലാതായി.‘അതുകൊണ്ട് അങ്ങ് എവിടെ വേണമെങ്കിലും പോകുക, ഞങ്ങൾ അങ്ങയോടൊപ്പമുണ്ടാകുന്നതായിരിക്കും. അല്ലാഹുവാണ! അങ്ങ് ഞങ്ങളോടു കടലിൽ ചാടാൻ കല്പിച്ചാൽ ഞങ്ങൾ ചാടുന്നതായിരിക്കും. ഞങ്ങളിൽ ഒരാളും പിന്മാറി നില്ക്കുകയില്ല. യാ റസൂലല്ലാഹ്! ഞങ്ങൾ അങ്ങയുടെ മുമ്പിലും യുദ്ധംചെയ്യും പിമ്പിലും യുദ്ധംചെയ്യും അങ്ങയുടെ വലത്തുനിന്നും യുദ്ധംചെയ്യും ഇടത്തുനിന്നും യുദ്ധംചെയ്യും ഞങ്ങളുടെ ശവത്തിൽ ചവിട്ടിയല്ലാതെ അങ്ങയ്ക്കരികെ എത്താൻ ശത്രുക്കൾക്കാകുയില്ല. (ഒരു ആയത്തിന്റെ വിജ്ഞാനനിർഭരമായ വ്യാഖ്യാനം, അൻവാറുൽ ഉലൂം, വാള്യം 18, പേജ് 620–621)

*ലഹൂ മുഅഖ്ഖിബാത്തു മ്മിൻബയ്നി യദയ്ഹി വമിൻഖൽഫിഹീ* അതായത് ‘അദ്ദേഹത്തിന്റെ മുമ്പിലും പിമ്പിലും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പാറാവുകാരുണ്ട്’ എന്ന സൂറാ റഅ്ദിലെ 12–ാമത്തെ ആയത്തിന് തഫ്സീർ നൽകിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ‘നബി(സ)തിരുമേനിയുടെ പ്രവാചകത്വകാലം മുഴുവനും ‘അദ്ദേഹത്തിന്റെ മുമ്പിലും പിമ്പിലും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പാറാവുകാരുണ്ട്’ എന്ന അല്ലാഹുവിന്റെ വാഗ്ദാനപ്രകാരമുള്ള സംരക്ഷണത്തിന് തെളിവാണ്. ആദരണീയ മക്കയിൽ മലക്കുകൾ തന്നെയാണ് തിരുമേനിയെ സംരക്ഷിച്ചിരുന്നത്. അല്ലാത്തപക്ഷം ഇക്കണക്കിന് ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടിട്ടും നബി(സ)തിരുമേനിയുടെ ജീവൻ എങ്ങനെ സംരക്ഷിക്കപ്പെടാനായിരുന്നു. എന്നാൽ, മദീനയിൽ എത്തിയതിൽപ്പിന്നെ രണ്ടു തരത്തിലുള്ള സംരക്ഷണവും ലഭിച്ചിരുന്നു. ആകാശത്തു നിന്നുള്ള മലക്കുകളുടെയും ഭൂമിയിലെ മലക്കുകളായ സ്വഹാബാക്കളുടെയും സംരക്ഷണം. ബദ്റിലെ യുദ്ധം ഈ ബാഹ്യവും ആന്തരികവുമായ രണ്ടു തരത്തിലുമുള്ള സംരക്ഷണത്തിന് ഉത്തമ ഉദാഹരണമാണ്. നബി(സ)തിരുമേനി മദീനയിലെത്തിയപ്പോൾ മദീനാ വാസികളുമായി ഒരു ഉടമ്പടിയുണ്ടാക്കിയിരുന്നു. അതായത് നബി(സ)തിരുമേനി മദീനയ്ക്കു പുറത്തെവിടെയെങ്കിലും പോയി യുദ്ധം ചെയ്യുന്ന പക്ഷം മദീനാവാസികൾ കൂടെ നിൽക്കാൻ നിർബന്ധിതരായിരിക്കുന്നതല്ല. ബദ്ർ യുദ്ധാവസരത്തിൽ യുദ്ധം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നബി(സ)തിരുമേനി അൻസ്വാറിനോടും മുഹാജിറുക

ളോടും അഭിപ്രായമാരാഞ്ഞിരുന്നു. മുഹാജിറുകൾ വീണ്ടും വീണ്ടും മുന്നോട്ടു വന്ന് യുദ്ധം ചെയ്യണമെന്ന കാര്യത്തിന് ഊന്നൽ നൽകിക്കൊണ്ട് സംസാരിച്ചു. എന്നാൽ, അവരുടെ വാക്കുകൾ കേട്ടതിനു ശേഷവും നബി(സ)തിരുമേനി അല്ലയോ ജനങ്ങളേ അഭിപ്രായം പറയൂ എന്ന് ആവർത്തിച്ചുകൊണ്ടിരുന്നു. അപ്പോൾ ഒരു അൻസ്വാരീ സ്വഹാബിയായ സഅ്ദ് ബിൻ മുആദ് ചോദിച്ചു: 'അങ്ങയുടെ ഉദ്ദേശ്യം ഞങ്ങളാണോ?' 'അതേ' എന്ന് നബി(സ)തിരുമേനി പറഞ്ഞപ്പോൾ സഅ്ദ് ബിൻ മുആദ് പറഞ്ഞു: ഞങ്ങൾ തീർച്ചയായും അങ്ങയുമായി ഒരു ഉടമ്പടിയുണ്ടാക്കിയിരുന്നു. അത് പ്രത്യേകമായ സാഹചര്യത്തിലായിരുന്നു. എന്നാൽ, ഇപ്പോൾ താങ്കളെ അല്ലാഹുവിന്റെ സത്യറസൂലായി മനസ്സിലാക്കിയിരിക്കെ അഭിപ്രായം പറയേണ്ടതിന്റെ ആവശ്യകതയെന്താണ്? അങ്ങ് ഞങ്ങളോട് കല്പിക്കുകയാണെങ്കിൽ ഞങ്ങൾ ഞങ്ങളുടെ കുതിരകളുമായി സമുദ്രത്തിലേക്ക് ചാടുന്നതാണ്. ഞങ്ങൾ മൂസായുടെ അനുചരൻമാരെപ്പോലെ 'നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുക, ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളാം' എന്നു പറയുകയില്ല. മറിച്ച് ഞങ്ങൾ അങ്ങയുടെ ഇടത്തും വലത്തും മുമ്പിലും പിമ്പിലും നിന്നുകൊണ്ട് പൊരുതുന്നതാണ്. ഞങ്ങളുടെ ശവശരീരങ്ങളെ ചവിട്ടിയല്ലാതെ ശത്രുവിന് താങ്കളുടെയടുത്തെത്താൻ സാധിക്കുകയില്ല.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'എന്റെ അഭിപ്രായത്തിൽ ഈ ആത്മാർഥരായ സ്വഹാബികളും അല്ലാഹു നബി(സ)തിരുമേനിയുടെ സംരക്ഷണത്തിനായി നിയോഗിക്കപ്പെട്ട 'മുഅഖ്ഖിബാത്ത്' അഥവാ പാറാവുകാരിൽപ്പെട്ടവരാണ്. ഒരു സ്വഹാബി പറയുകയാണ്: ഞാൻ നബി(സ) തിരുമേനിയുടെ കൂടെ പതിമൂന്ന് യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. എങ്കിലും ആ യുദ്ധങ്ങളിൽ പങ്കെടുക്കുന്നതിനുപകരം സഅ്ദ് ബിൻ മുആദിന്റെ വായിൽ നിന്ന് വന്ന വാക്കുകൾ എന്റെ വായിൽനിന്നു വന്നതായിരുന്നെങ്കിൽ എന്ന് പലതവണ ഞാൻ ആഗ്രഹിച്ചിട്ടുണ്ട്."(തഫ്സീറെ കബീർ, വാല്യം 3, പേജ് 392). അതായത് തന്റെ കൂറിന്റെ പ്രതിജ്ഞാവാക്യം.

ഉഹുദ് യുദ്ധത്തിന്റെ അവസരത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ ആത്മാർഥത പരാമർശിച്ചുകൊണ്ട് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: 'ഇസ്‌ലാമിക സൈന്യം താവളമടിച്ചിരുന്ന സ്ഥലം നല്ലതല്ലായിരുന്നു.' യുദ്ധപരമായ അടിസ്ഥാനത്തിൽ. 'ഹദ്റത്ത് ഹുബ്ബാബ് ബിൻ മുൻദിർ(റ) അങ്ങയോടു ചോദിച്ചു: 'ദൈവികവെളിപാടിന്റെ അടിസ്ഥാനത്തിലാണോ അങ്ങ് ഈ സ്ഥലം ഇഷ്ടപ്പെട്ടത്? അതല്ല സൈനികപരമായ തന്ത്രമെന്ന നിലയിലോ? നബി(സ)തിരുമേനി പറഞ്ഞു: ഇതു സംബന്ധമായി അല്ലാഹുവിന്റെ കല്പനയൊന്നുമില്ല. താങ്കൾക്കെന്തെങ്കിലും അഭിപ്രായം പറയാനുണ്ടെങ്കിൽ പറയാവുന്നതാണ്. ഹുബ്ബാബ് പറഞ്ഞു: ഞാൻ കരുതുന്നത് ഈ സ്ഥലം നല്ലതല്ലെന്നാണ്. യുദ്ധപരമായ അടിസ്ഥാനത്തിൽ നല്ലത് മുന്നോട്ടുപോയി ഖുറയ്ശികളുടെ ഏറ്റവുമടുത്ത അരുവി പിടിച്ചെടുക്കുക. ആ അരുവി എനിക്കറിയാം. അതിലെ വെള്ളം നല്ലതാണ്. പൊതുവെ ധാരാളം വെള്ളവും അതിലുണ്ട്. നബി(സ)തിരുമേനിക്ക് ആ അഭിപ്രായം ഇഷ്ടപ്പെട്ടു. ഇതുവരെ ഖുറയ്ശികൾ കുന്നിന്റെ പിന്നിലാണ് താവളമടിച്ചിരുന്നത്. ഈ അരുവി ശൂന്യമായി കിടക്കുകയായിരുന്നു. മുസ്‌ലിമീങ്ങൾ മുമ്പോട്ടു ചെന്ന് അതിനുമേൽ നിയന്ത്രണം സ്ഥാപിച്ചു. പക്ഷേ, വിശുദ്ധ ഖുർആനിൽ സൂചന കാണാം ആ നേരത്ത് ആ അരുവിയിലും വെള്ളം അധികമുണ്ടായിരുന്നില്ല. മുസ്‌ലിമീങ്ങൾക്ക് വെള്ളക്കുറവ് അനുഭവപ്പെട്ടിരുന്നു. താഴ്‌വരയുടെ ഏതു ഭാഗത്താണോ മുസ്‌ലിമീങ്ങളുണ്ടായിരുന്നത് ആ ഭാഗവും നല്ലതായിരുന്നില്ല. കാരണം അവിടെ മണ്ണ് അധികമായിരുന്നു. അതുകൊണ്ട് പാദങ്ങൾ ഉറച്ചുനിൽക്കുമായിരുന്നില്ല.

സ്ഥലം തിരഞ്ഞെടുത്തതിനുശേഷം ഔസിന്റെ നേതാവായ സഅ്ദ് ബിൻ മുആദ്(റ)ന്റെ അഭിപ്രായത്താൽ സ്വഹാബത്ത് മൈതാനത്തിന്റെ ഒരു ഭാഗത്ത് നബി(സ)തിരുമേനിക്കുവേണ്ടി ഒരു ചാർത്ത് കെട്ടിയുണ്ടാക്കി. നബി(സ)തിരുമേനിയുടെ യാത്രാവാഹനത്തെ സഅ്ദ് ചാർത്തിന് അടുത്തു കെട്ടി അവിടത്തോടുപറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് ഈ ചാർത്തിൽ ഇരിക്കുക. ഞങ്ങൾ അല്ലാഹുവിന്റെ നാമത്തിൽ ശത്രുക്കളോടു പോരാടിക്കൊള്ളാം. അല്ലാഹു ഞങ്ങൾക്ക് വിജയം നല്കിയാൽ, അതുതന്നെയായിരിക്കും ഞങ്ങളുടെ ആഗ്രഹം. അൽഹംദുലില്ലാഹ്. പക്ഷേ, അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ, കാര്യങ്ങൾ കൈവിട്ടുപോയാൽ അങ്ങ് അങ്ങയുടെ യാത്രാവാഹനത്തിൽ യാത്ര ചെയ്ത് കഴിയുന്ന രീതിയിൽ മദീനയിലെത്തുക. ഈ കൂടാരത്തിന്റെ അടുത്തുതന്നെ നല്ല തരത്തിലുള്ള യാത്രാവാഹനം, ഒരു ഒട്ടകത്തേയും കെട്ടിവച്ചു. പിന്നീട് അദ്ദേഹം പറഞ്ഞു: അങ്ങ് അവിടെ മദീനയിലെത്തുക.' അവിടെ നമ്മുടെ സ്നേഹത്തിലും ആത്മാർഥതയിലും ഞങ്ങളെക്കാൾ ഒട്ടും കുറവല്ലാത്ത സഹോദരന്മാരുണ്ട്. പക്ഷേ, യുദ്ധനടപടി ഉണ്ടാകുമെന്ന ധാരണ അവർക്കുണ്ടായിരുന്നില്ല. അതുകൊണ്ട് അവർ ഞങ്ങളോടൊപ്പം വന്നില്ല. ഇല്ലെങ്കിൽ അവർ ഒരിക്കലും പിന്നിലിരിക്കുമായിരുന്നില്ല. പക്ഷേ, അവർ അവസ്ഥകളറിയുമ്പോൾ അങ്ങയെ സംരക്ഷിക്കുന്നതിൽ യുദ്ധം ചെയ്യാൻപോലും മടിക്കുകയില്ല. ഇതായിരുന്നു സഅ്ദിന്റെ ആത്മാർഥമായ ആവേശം. അത് എല്ലാ അവസ്ഥയിലും സ്തുത്യർഹമാണ്. നബി(സ)തിരുമേനി യുദ്ധത്തിൽ ഏറ്റവും മുന്നിലായിരുന്നു ഉണ്ടായിരുന്നത്. ഹുനയ്നിന്റെ മൈതാനത്ത് നമ്മൾ കാണുന്നത് 12000 പട്ടാളക്കാർ പിന്തിരിഞ്ഞോടി. എന്നാൽ, ഈ തൗഹീദിന്റെ കേന്ദ്രം തന്റെ സ്ഥാനത്തുനിന്ന് ഇളകിയില്ല. എന്തായാലും ചാർത്ത് തയ്യാറാക്കപ്പെട്ടു. സഅ്ദ് പറഞ്ഞതുപോലെ സഅ്ദും മറ്റുചില അൻസ്വാറും അതിനുചുറ്റും കാവലിനായി നിന്നു. നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും ആ ചാർത്തിൽ രാത്രി കഴിഞ്ഞു. നബി(സ)തിരുമേനി രാത്രി മുഴുവൻ അല്ലാഹുവിന്റെ സന്നിധിയിൽ വിലപിച്ചു ദുആ ചെയ്തു. മുഴുവൻ സൈന്യത്തിലും അവിടന്ന് മാത്രമായിരുന്നു രാത്രി മുഴുവൻ ഉണർന്നിരുന്നത്. മറ്റുള്ളവർ ഊഴമനുസരിച്ച് ഉറങ്ങി.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)പേജ് 3560–357)

ഉഹുദ് യുദ്ധത്തിന്റെ അവസരത്തിൽ ജുമുഅ ദിവസം രാത്രി ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ), ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ(റ), ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) എന്നിവർ മസ്ജിദ് നബവിയിൽ ആയുധവും ധരിച്ച് നബി(സ)തിരുമേനിയുടെ വാതിൽക്കൽ കാവൽ നിന്നുകൊണ്ടിരുന്നു. ഉഹുദ് യുദ്ധത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനി കുതിരപ്പുറത്ത് സഞ്ചരിച്ച്, വില്ല് തോളിലിട്ട്, കുന്തം കൈയിലുമെടുത്ത് മദീനയിൽനിന്ന് പുറപ്പെട്ടപ്പോൾ രണ്ടു സഅ്ദുമാരും അതായത് ഹദ്റത്ത് സഅ്ദ് ബിൻ മുആദും(റ), ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയും(റ) നബി(സ)തിരുമേനിയുടെ മുമ്പേ ഓടുകയായിരുന്നു. അവരിരുവരും പടച്ചിട്ട അണിഞ്ഞിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നിസഅ്ദ്, ഭാഗം 2, പേജ് 28–30, ദാറുൽകുതുബുൽ അറബിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഉഹുദ് യുദ്ധം സ്മരിച്ചുകൊണ്ടെഴുതുന്നു: 'അസ്ർ നമസ്കാരത്തിനുശേഷം നബി(സ) തിരുമേനി സ്വഹാബാക്കളുടെ ഒരു വലിയ സംഘത്തോടൊപ്പം മദീനയിൽനിന്ന് പുറപ്പെട്ടു. ഔസ്, ഖദ്റജ് ഗോത്രങ്ങളിലെ നേതാക്കളായ സഅ്ദ് ബിൻ മുആദും സഅ്ദ് ബിൻ ഉബാദയും നബി(സ)തിരുമേനിയുടെ യാത്രാവാഹനത്തിന്റെ മുമ്പേ പതുക്കെപ്പതുക്കെ ഓടിക്കൊണ്ടിരുന്നു. മറ്റു സ്വഹാബിമാർ അവിടത്തെ ഇടത്തും വലത്തും മുന്നിലും പിന്നിലുമായി സഞ്ചരിച്ചുകൊണ്ടിരുന്നു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 486)

ഉഹുദു യുദ്ധത്തിൽനിന്ന് നബി(സ)തിരുമേനി തിരിച്ചെത്തുകയും തന്റെ കുതിരപ്പുറത്തുനിന്ന് ഇറങ്ങുകയും ചെയ്തപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റേയും ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെയും സഹായത്താൽ വീടിനകത്തു പ്രവേശിച്ചു. ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ മാതാവിന് നബി(സ)തിരുമേനിയോടുള്ള സ്നേഹം എത്രമാത്രം ഉണ്ടായിരുന്നു എന്നതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു:' ഉഹുദു യുദ്ധം കഴിഞ്ഞു തിരിച്ചുവരുമ്പോൾ സഅ്ദ് ബിൻ മുആദ്(റ) നബി(സ) തിരുമേനിയുടെ യാത്രാവാഹനത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് വളരെ അഭിമാനത്തോടെ നടക്കുകയായിരുന്നു. യുദ്ധത്തിൽ അദ്ദേഹത്തിന്റെ സഹോദരനും വധിക്കപ്പെട്ടിരുന്നു. മദീനയുടെ അടുത്തെത്തിയപ്പോൾ ഹദ്റത്ത് സഅ്ദ് തന്റെ മാതാവ് വരുന്നതുകണ്ടു. അദ്ദേഹം പറഞ്ഞു, 'യാ റസൂലല്ലാഹ്! എന്റെ മാതാവ് വരുന്നുണ്ട്.' ഹദ്റത്ത് സഅ്ദ്(റ)ന്റെ മാതാവിന് അപ്പോൾ എൺപതോ എൺപത്തിരണ്ടോ വയസ്സുണ്ടായിരുന്നു. കാഴ്ച നന്നേ മങ്ങിയിരുന്നു. വെയിലും തണലും വളരെ പ്രയാസപ്പെട്ടാണ് കണ്ടിരുന്നത്. നബി(സ)തിരുമേനി ശഹീദായിരിക്കുന്നുവെന്ന കിംവദന്തി മദീനയിൽ പരന്നിരിക്കുകയായിരുന്നു. ഇതു കേട്ടപ്പോൾ ആ വൃദ്ധയും തപ്പിത്തടഞ്ഞുകൊണ്ട് മദീനയുടെ പുറത്തേക്കു വരികയായിരുന്നു. അതു കണ്ട സഅദ് പറഞ്ഞു:'യാ റസൂലല്ലാഹ്! എന്റെ മാതാവ് വരുന്നു.' നബി(സ)തിരുമേനി അടുത്തെത്തിയപ്പോൾ വാഹനം നിറുത്താൻ പറഞ്ഞു. താങ്കളുടെ മാതാവാണ് വരുന്നത്. എന്റെ വാഹനം അവരുടെ അടുത്ത് നിറുത്തുക. അങ്ങനെ നബി(സ)തിരുമേനി ആ വൃദ്ധമാതാവിന്റെ സമീപത്തെത്തിയപ്പോൾ അവർ സ്വന്തം മക്കളെക്കുറിച്ച് ഒന്നും തന്നെ ചോദിക്കാതെ നബി(സ)തിരുമേനി എവിടെ എന്നു മാത്രം ചോദിച്ചു. ഹദ്റത്ത് സഅ്ദ് മറുപടി പറഞ്ഞു: 'ഇതാ നിങ്ങളുടെ മുമ്പിൽത്തന്നെ നിൽക്കുന്നു.' ആ വൃദ്ധ മുഖമുയർത്തി കാഴ്ച മങ്ങിയ കണ്ണുകൾകൊണ്ട് തിരുമേനിയുടെ തിരുമുഖം ദർശിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'ബീബീ! നിങ്ങളുടെ യുവാവായ മകൻ ശഹീദായതിൽ എനിക്കു ദുഃഖമുണ്ട്.' വാർധക്യത്തിൽ ഇത്തരം വാർത്ത കേൾക്കുമ്പോൾ ഒരാളുടെ സ്വബോധം സാധാരണ നഷ്ടപ്പെട്ടുപോകാറുണ്ട്. എന്നാൽ, എത്ര സ്നേഹനിർഭരമായ മറുപടിയാണ് ആ വൃദ്ധ നൽകിയത്. അവർ പറഞ്ഞു: 'യാ റസൂലല്ലാഹ്! താങ്കളെന്താണീ പറയുന്നത്? താങ്കളെക്കുറിച്ചുള്ള ആശങ്ക മാത്രമായിരുന്നു എനിക്കുണ്ടായിരുന്നത്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം

വിവരിച്ചതിനുശേഷം അഹ്മദീ വനിതകളുടെ തബ്‌ലീഗ് കർത്തവ്യങ്ങളെക്കുറിച്ച് ഉണർത്തിക്കൊണ്ട് പറയുകയുണ്ടായി: 'ഇസ്‌ലാമിന്റെ പ്രചാരണത്തിനായി പുരുഷന്മാരോടൊപ്പം ഒപ്പത്തിനൊപ്പം പ്രവർത്തിച്ചിരുന്ന വനിതകളായിരുന്നു അവർ. അവർ ഇസ്‌ലാമികലോകം അഭിമാനം കൊള്ളുന്ന ത്യാഗങ്ങൾ സമർപ്പിച്ച വനിതകളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിരിക്കുന്നു എന്നതാണ് നിങ്ങളുടെയും വാദം. ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)തിരുമേനിയുടെ പ്രതിഛായയാകുന്നു. മറ്റൊരർഥത്തിൽ പറഞ്ഞാൽ നിങ്ങൾ സ്വഹാബിയാക്കളുടെ പ്രതിഛായകളാകുന്നു. നിങ്ങൾ ശരിക്കും പറയുക, ആ സ്ത്രീസ്വഹാബിമാരിൽ ഉണ്ടായിരുന്ന വികാരാവേശം തന്നെയാണോ നിങ്ങളിലും അലതല്ലുന്നത്? അവരിൽ ഉണ്ടായിരുന്ന അതേ നൂർ(പ്രകാശം) തന്നെയാണോ നിങ്ങളുടെയുള്ളിലുമുള്ളത്? അവരുടേതുപോലെ നിങ്ങളുടെ സന്താനങ്ങളും സാത്വികരാണോ? ചിന്തിച്ചുനോക്കുകയാണെങ്കിൽ അവരെക്കാളും എത്രയോ പിറകിലാണ് നിങ്ങളെന്ന് നിങ്ങൾക്കുകാണാം. ലോകത്ത് ഇന്നേവരെ സ്ത്രീസ്വഹാബിമാർ ചെയ്ത ത്യാഗങ്ങൾക്ക് സമാനതകൾ കാണാൻ സാധിക്കുകയില്ല. അവർ അവരുടെ ജീവൻ പണയംവച്ചു ചെയ്ത ത്യാഗങ്ങൾ അല്ലാഹുവിനു എത്രകണ്ട് പ്രിയങ്കരമായിരുന്നുവെന്നാൽ, വളരെ പെട്ടെന്നുതന്നെ അവർക്ക് അല്ലാഹു വിജയം നൽകുകയുണ്ടായി. മറ്റു സമുദായങ്ങൾ നൂറ്റാണ്ടുകൾ കൊണ്ട് നേടാത്ത കാര്യങ്ങളാണ് സ്വഹാബാക്കളും സ്ത്രീസ്വഹാബിമാരും ഏതാനും വർഷങ്ങൾകൊണ്ട് ചെയ്തുകാണിച്ചത്.'(ഫരീളയെ തബ്‌ലീഗ് ഔർ അഹ് മദീ ഖാത്തീൻ, അൻവാറുൽ ഉലൂം വാള്യം 18, പേജ് 400-401)

ഇവിടെ അദ്ദേഹം സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു സംസാരിച്ചിരുന്നത്. അതുകൊണ്ടാണ് അവരുടെ കാര്യം പരാമർശിച്ചത്. അല്ലാത്തപക്ഷം നിരവധി അവസരങ്ങളിൽ ഖലീഫമാർ എപ്പോഴും പറഞ്ഞുവരുന്ന ഒരു കാര്യം, ഞാനും നിരവധി തവണ പറഞ്ഞു കഴിഞ്ഞിട്ടുള്ള കാര്യം നമ്മുടെ പുരുഷന്മാരും ഇതേ മാതൃക കാണിക്കേണ്ടതുണ്ടെന്നാണ്. അപ്പോൾ മാത്രമേ നമ്മൾ ലോകത്ത് ഇസ്‌ലാമിന്റെ സന്ദേശത്തെ വ്യാപിക്കുന്നവരാണെന്നും ലോകരെ ഇസ്‌ലാമിന്റെ പതാകയ്ക്കു കീഴിൽ കൊണ്ടു വരുമെന്ന ദൗത്യം ഏറ്റെടുത്തിരിക്കുന്നവരാണെന്നുമുള്ള വാദം നമുക്കു പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. സ്വഹാബാക്കൾ നമ്മുടെ മുന്നിൽ കാണിച്ച മാതൃകയനുസരിച്ചാണ് നമ്മുടെയും ത്യാഗങ്ങളും കർമങ്ങളുമെങ്കിൽ മാത്രമേ അതിനു സാധിക്കുകയുള്ളൂ.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ക്രൈസ്തവ ലോകം മഗ്ദലന മർയമിന്റേയും മറ്റു സ്ത്രീകളുടേയും ധൈര്യത്തിൽ സന്തുഷ്ടരാണ്. അവർ മസീഹിന്റെ ഖബ്റിൽ സുബഹി നേരത്ത് ഒളിച്ചു എത്തിയിരുന്നു. ഞാൻ അവരോടു പറയുകയാണ്, വരിക എന്റെ പ്രിയപ്പെട്ടവന്റെ ആത്മാർഥരായവരും ആസക്തരായവരും ഏതു അവസ്ഥകളിലാണ് അവർ അദ്ദേഹത്തിന്റെ ഒപ്പം നിന്നതെന്ന് അല്പം നോക്കുക. ഏതവസ്ഥകളിലാണ് അവർ തൗഹീദിന്റെ പതാക ഉന്നതിയിൽ ഉയർത്തിയതെന്ന് നോക്കുക. ഇത്തരത്തിലുള്ള ആസക്തപരമായ അവസ്ഥയ്ക്ക് മറ്റൊരുദാഹരണവും ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നുണ്ട്. യുദ്ധത്തിൽ മരിച്ചു വീണവരെയെല്ലാം സംസ്കരിച്ചശേഷം നബി(സ)തിരുമേനി മദീനയിലേക്ക് മടങ്ങുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കാനായി മദീനയിൽ നിന്നു പുറപ്പെട്ടു വരികയായിരുന്ന സ്ത്രീകളെയും കുട്ടികളെയും അദ്ദേഹം കണ്ടു. തിരുനബിയുടെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചിരുന്നത് മദീനാ നേതാവായിരുന്ന സഅ്ദ് ബിൻ മുആദ്(റ) ആയിരുന്നു. സഅ്ദ് വലിയ ജയഘോഷത്തോടെ ഒട്ടകത്തെ നയിച്ചു വരികയായിരുന്നു. തിരുനബിയെ സുഖത്തോടും ആരോഗ്യത്തോടും കൂടി മദീനയിലേക്ക് തിരിച്ചു കൂട്ടിക്കൊണ്ടു വരാൻ തങ്ങൾക്ക് സാധിച്ചു എന്നു ലോകം മുഴുവനും വിളിച്ചു പറയാനുള്ള വീര്യം അദ്ദേഹത്തിന്റെ മുഖത്ത് കാണാമായിരുന്നു. സഅദ് മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നപ്പോൾ തന്റെ മാതാവും കൂട്ടത്തിൽ തങ്ങളെ സ്വീകരിക്കാൻ വരുന്നതായി കണ്ടു. ആ വൃദ്ധയ്ക്ക് നല്ലവണ്ണം കണ്ണു കാണുന്നുണ്ടായിരുന്നില്ല. സഅ്ദ് തന്റെ മാതാവിനെ തിരിച്ചറിഞ്ഞു. ഉടൻ നബിയുടെ നേരെ തിരിഞ്ഞുകൊണ്ടദ്ദേഹം പറഞ്ഞു; 'അല്ലാഹുവിന്റെ റസൂലേ, എന്റെ ഉമ്മയാണിത്!' 'വന്നാലും, വന്നാലും!' നബി അവരെ അടുത്തേയ്ക്ക് ക്ഷണിച്ചു.

വൃദ്ധ മെല്ലെ മെല്ലെ മുമ്പോട്ടു നീങ്ങി നബിയുടെ മുഖാരവിന്ദം ചുഴിഞ്ഞു നോക്കി. പ്രഭാമയമായ വദനബിംബം കണ്ടപ്പോൾ അവർ, സന്തുഷ്ടയായി. അവരെ നോക്കി തിരുമേനി പറഞ്ഞു: "നിങ്ങളുടെ മകൻ മരണപ്പെട്ടു പോയതിൽ എനിയ്ക്ക് അതിയായ ദുഃഖമുണ്ട്!" "പക്ഷേ, അങ്ങയെ ജീവനോടുകൂടി കണ്ടതോടെ ഞാനെന്റെ സകലസങ്കടങ്ങളും വിഴുങ്ങിക്കളഞ്ഞു." ആ വൃദ്ധസ്ത്രീ മറുപടിനൽകി. അറബിശൈലിയിൽ "ഞാൻ എന്റെ നിർഭാഗ്യങ്ങളെല്ലാം വറുത്തു തിന്നു" എന്നാണവർ പറഞ്ഞത്. ഇതു സൂചിപ്പിക്കുന്ന വികാരത്തിന്റെ ആഴം ആലോചിച്ചു നോക്കൂ. സാധാരണ ദുഃഖം ആളുകളെ കാർന്നു തിന്നുകളയാറാണ്, ഇവിടെയിതാ ഒരു വൃദ്ധ! അവരുടെ മകൻ മരണപ്പെട്ടു. വാർദ്ധക്യത്തിൽ തന്റെ ഊന്നുവടിയാണാ മകൻ. എന്നിട്ടും അവർ പറയുന്നു, ആ ദുഃഖം തന്നെ കാർന്നു തിന്നുന്നതിനു പകരം താനാ ദുഃഖത്തെ വിഴുങ്ങിക്കളഞ്ഞുവെന്നു! തന്റെ മകൻ തിരുനബി(സ)യ്ക്ക് വേണ്ടിയാണ് ജീവൻ ബലിയർപ്പിച്ചതെന്ന വസ്തുത തുടർന്നുള്ള കാലമത്രെയും ആ വൃദ്ധയ്ക്ക് ജീവൻ നൽകുന്ന ഓർമയായിരുന്നു. 'ഈ വിചാരം എന്റെ ശക്തി കൂട്ടാൻ നിമിത്തമായിരിക്കും.' എന്റെ ശക്തി അധികമാക്കാൻ കാരണമായിരിക്കും! ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അൻസ്വാറിനെ സ്തുതിച്ചുകൊണ്ടും അവർക്ക് ദുആ ചെയ്തുകൊണ്ടും പറയുന്നു: 'അൻസ്വാറേ! എന്റെ ജീവൻ നിങ്ങളിൽ ബലിയാണ്. നിങ്ങളെത്രയധികം പുണ്യങ്ങളാണ് കൊണ്ടുപോയത്.'(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 256-257)

കഅ്ബ് ബിൻ അശ്റഫിനെ അയാളുടെ കുറ്റകൃത്യങ്ങളും ഇസ്‌ലാമിന്നെതിരിൽ വിദ്വേഷവും ശത്രുതയും പ്രചരിപ്പിക്കലും നബിയെ വധിക്കാൻ പദ്ധതി തയ്യാറാക്കുകയും ചെയ്ത കാരണത്താൽ നബി(സ)തിരുമേനി വധശിക്ഷ വിധിച്ചിരുന്നു. അതിലും അൻസ്വാർ ഗോത്രത്തിന്റെ നേതാവെന്ന നിലയിൽ, ഗോത്ര നേതാവെന്ന നിലയിൽ ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ അഭിപ്രായത്തേയും ഉൾപ്പെടുത്തിയിരുന്നു. അതിന്റെ വിശദീകരണം അതായത് ശിക്ഷ നടപ്പാക്കിയതും കഅ്ബ് ബിൻ അശ്റഫിനെ വധിച്ചതിന്റേയും വിശദീകരണം കുറച്ചുനാൾമുമ്പേ രണ്ടു സ്വഹാബിമാരെ കുറിച്ച് പറഞ്ഞപ്പോൾ വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. (ഖുത്ബ ജുമുഅ 2018 ഡിസംബർ 7, ഖുത്ബ ജുമുഅ 2018 ഫെബ്രുവരി 7)എങ്കിലും കുറച്ചുഭാഗം ഇവിടേയും വിവരിക്കുകയാണ്. ഇതിന്റെ ബന്ധം ഹദ്റത്ത് സഅ്ദ്ബിൻ മുആദുമായിട്ടാണ്. കുറച്ച് അതിൽനിന്നെടുത്തതാണ് വിവരിക്കുന്നത്. കുറച്ചു ഉദ്ധരണികൾ ഞാൻ സീറത്തുഖാത്തമുന്നബിയ്യീനിൽനിന്നുമെടുത്തിട്ടുണ്ട്.

നബി(സ)തിരുമേനി മദീനയിലേക്കു ഹിജ്റത്തു ചെയ്തുവന്നപ്പോൾ കഅ്ബ് ബിൻ അശ്റഫ് മറ്റു യഹൂദികളോടൊപ്പം ചേർന്ന് ഉടമ്പടികളിൽ പങ്കെടുത്തു. അതു നബി(സ)തിരുമേനിക്കും യഹൂദികൾക്കുമിടയിൽ പരസ്പര സൗഹാർദത്തേയും സമാധാനത്തേയും ശാന്തിയേയും കൂട്ടായ പ്രതിരോധത്തേയും സംബന്ധിച്ചുള്ളതായിരുന്നു. എന്നാൽ, കഅ്ബിന്റെ ഉള്ളിന്റെയുള്ളിൽ മുസ്‌ലിംകൾക്കെതിരെ വിദ്വേഷത്തിന്റേയും ശത്രുതയുടേയും തീ എരിയാൻ തുടങ്ങി. ഉടമ്പടിയിൽ പങ്കുചേർന്നു, പക്ഷേ, അയാളുടെ മനസ്സിൽ വിള്ളലുണ്ടായിരുന്നു. കപടത ഉണ്ടായിരുന്നു. ശത്രുത ഉണ്ടായിരുന്നു. പകയും വിദ്വേഷവും ഉണ്ടായിരുന്നു. ഇക്കാരണത്താൽ ആ തീയിൽ അയാൾ എരിയുകയായിരുന്നു. ആ വെറുപ്പും വിദ്വേഷവും കാരണത്താൽ അയാൾ രഹസ്യമായ നിലയിൽ ഗൂഢ തന്ത്രങ്ങളോടുകൂടി ഇസ്‌ലാമിനേയും നബി(സ)തിരുമേനിയേയും എതിർക്കാൻ തുടങ്ങി. എഴുതിയിരിക്കുന്നു, കഅ്ബ് എല്ലാ വർഷവും യഹൂദി ഉലമാക്കൾക്കും ശേയ്ഖന്മാർക്കും ധാരാളം ദാനധർമങ്ങൾ കൊടുത്തിരുന്നു. പക്ഷേ, നബി(സ) തിരുമേനിയുടെ ഹിജ്റത്തിനുശേഷം ഇക്കൂട്ടർ തങ്ങളുടെ വാർഷിക സ്റ്റൈഫന്റ് വാങ്ങുന്നതിനുവേണ്ടി അയാളുടെ അടുത്തു ചെന്നപ്പോൾ സംസാരത്തിന്നിടയിൽ അയാൾ നബി(സ)തിരുമേനിയെ കുറിച്ച് പറഞ്ഞു. നിങ്ങളുടെ മതഗ്രന്ഥമനുസരിച്ച് ഈ വ്യക്തി സത്യവാനാണോ അല്ലേ? എന്നു അവരോടു ചോദിച്ചു. അവർ പറഞ്ഞു: 'ബാഹ്യമായി നോക്കുമ്പോൾ നമ്മളോടു വാഗ്ദാനം ചെയ്ത വ്യക്തിയാണിതെന്ന് മനസ്സിലാകുന്നു.' വെറുപ്പും വിദ്വേഷവും വെച്ചു പുലർത്തിയിരുന്ന അയാൾ ഈ മറുപടി കേട്ട് അവരുമായി തെറ്റി. അവരെ ചീത്തപറയാൻ തുടങ്ങി. അവർക്ക് കൊടുത്തിരുന്ന സ്റ്റൈഫണ്ടുകളും ദാനധർമങ്ങളും കൊടുത്തതുമില്ല. യഹൂദി ഉലമാക്കളുടെ ജീവിതമാർഗം മുട്ടിയപ്പോൾ കുറച്ചു കാലത്തിനുശേഷം അവർ വീണ്ടും കഅ്ബി

## ഹദീഥുന്നബവി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## ഹദീഥുന്നബവി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

ന്റെ അടുത്തുപോയി. തങ്ങൾക്ക് അടയാളം നോക്കിമനസിലാക്കുന്നതിൽ പിശകുപറ്റി പോയതാണെന്ന് പറഞ്ഞു. 'തങ്ങൾ ചിന്തിച്ചുനോക്കിയപ്പോൾ മുഹമ്മദ് വാഗ്ദാനം ചെയ്യപ്പെട്ട നബിയല്ലെന്ന് കണ്ടു.' എന്തായാലും ഈ മറുപടിയോടെ കഅ്ബിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടു. അയാൾ സന്തോഷത്തോടുകൂടി അവർക്ക് ദാനധർമങ്ങൾ കൊടുത്തു. അവരുടെ പ്രശ്നവും പരിഹരിക്കപ്പെട്ടു.

അതൊരു മതപരമായ എതിർപായിരുന്നു. ഈ മതപരമായ എതിർപിന് ശക്തമായ നടപടി എടുക്കേണ്ട കാര്യമൊന്നുമില്ല. കഅ്ബിനെ ആക്ഷേപത്തിന് വിധേയനാക്കേണ്ട ആവശ്യവുമില്ല. 'യാഥാർഥ്യമെന്താണെന്നാൽ അതിനുശേഷം കഅ്ബിന്റെ എതിർപ് കൂടുതൽ അതിരുകടന്നുപോയി. അവസാനം ബദ്ർ യുദ്ധത്തിനുശേഷം അയാൾ കഠിനമായ കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കുന്ന രീതി സ്വീകരിച്ചു. മുസ്ലിമീങ്ങൾക്ക് ഭയാനകമായ അവസ്ഥകൾ നേരിടേണ്ടിവന്നു. മുസ്ലിമീങ്ങളുടെ ആത്മീയാവേശം താൽക്കാലികമാണെന്നായിരുന്നു അയാൾ ആദ്യം മനസ്സിലാക്കിയിരുന്നത്. അത് പെട്ടെന്ന് അവസാനിക്കുമെന്നും അയാൾ കരുതി. അവർ തങ്ങളുടെ മതത്തിലേക്ക് തിരിച്ചുവരുമെന്നും ധരിച്ചു. പക്ഷേ, ബദ്ർ യുദ്ധത്തിൽ അസാധാരണമായ വിജയമുണ്ടാകുകയും ഖുറയ്ശിയിലെ മിക്ക നേതാക്കന്മാരും വധിക്കപ്പെടുകയും ചെയ്തപ്പോൾ അയാൾക്ക് ചിന്ത ഉണ്ടാകുകയും ഇസ്ലാമിനെ നശിപ്പിക്കാനും ഉന്മൂലനം ചെയ്യാനും തന്റെ മുഴുവൻ ശ്രമവും നടത്തുകയും ചെയ്തു. അയാളുടെ മനസ്സിലുള്ള അസൂയയും വെറുപ്പും ആദ്യമായി പ്രകടമായത് ബദ്ർ യുദ്ധാവസരത്തിലായിരുന്നു. മക്കയിലെ സത്യനിഷേധികളുടെമേൽ തങ്ങൾക്കു വിജയം കിട്ടി എന്ന് ആളുകൾ വന്ന് പറഞ്ഞപ്പോഴായിരുന്നു അത്. ഇതെല്ലാം കളവാണെന്നും തെറ്റായ വാർത്തയാണെന്നും അയാൾ ഉച്ചത്തിൽ പറഞ്ഞു. എന്തായാലും പറഞ്ഞതുപോലെ ഈ വാർത്ത ശരിയാണെന്ന് സ്ഥാപിതമായതിനുശേഷം അയാളുടെ കോപവും ദ്വേഷവും കൂടുതൽ ജ്വലിച്ചു. ബദ്ർയുദ്ധ വിജയത്തിനുശേഷം മുസ്ലിമീങ്ങൾ തിരിച്ചുവന്നപ്പോൾ അയാൾ മക്കയിൽപോയി തന്റെ വാക്ചാതുര്യവും പ്രസംഗങ്ങളും കവിതകളുംകൊണ്ട് ഖുറയ്ശികളുടെ ഹൃദയങ്ങളിൽ അമർന്നുകിടന്നിരുന്ന മുസ്ലിമീങ്ങളോടുള്ള പ്രതികാരാഗ്നി ആളിക്കത്തിക്കാൻ ശ്രമിച്ചു. അവരുടെ മനസുകളിൽ മുസ്ലിമീങ്ങളുടെ രക്തത്തിനുവേണ്ടിയുള്ള ഒരിക്കലും ശമിക്കാത്ത ദാഹം ഉണ്ടാക്കി. അവരുടെ നെഞ്ചകങ്ങളെ വികാരങ്ങളും പ്രതികാരങ്ങളുംകൊണ്ടു നിറച്ചു. കഅ്ബിന്റെ പ്രകോപനപരമായ സംസാരംകൊണ്ട് അവരുടെ ബോധങ്ങളിൽ അങ്ങേയറ്റത്തെ ശക്തിയുണ്ടായി. വൈദ്യുതിപ്രവാഹമുണ്ടായി. അപ്പോൾ അയാൾ അവരെ കഅ്ബദേവാലയത്തിന്റെ മുറ്റത്തുകൊണ്ടുപോയി കഅ്ബയുടെ കില്ല അവരുടെ കൈയിൽ കൊടുത്തു. ഇസ്ലാമിനേയും ഇസ്ലാമിന്റെ സ്ഥാപകരേയും ഉന്മൂലനം ചെയ്യുന്നതുവരെ സ്വസ്ഥമായി ഇരിക്കുകയില്ലെന്ന് അവരെക്കൊണ്ട് സത്യം ചെയ്യിച്ചു.' പറയുന്നു: 'അയാളുടെ ഈ പണികൾകൊണ്ട് മക്കയിൽ അഗ്നി പർവ്വതം പൊട്ടാൻ പോകുന്ന പ്രതീതിയുണ്ടായി. പിന്നീട് അയാൾ മറ്റു ഗോത്രക്കാരിലേക്കും തിരിഞ്ഞു. എല്ലാ ജനതയിലുമെത്തി മുസ്ലിമീങ്ങൾക്കെതിരിൽ പ്രകോപനമുണ്ടാക്കി. മുസ്ലിം സ്ത്രീകളെക്കുറിച്ച് വളരെ നീചവും അസഭ്യവുമായ പരാമർശങ്ങൾ നടത്തി. ഏതുവരെയെന്നാൽ നബികുടുംബത്തിലെ വനിതകളെയും അസഭ്യം നിറഞ്ഞ കവിതകൾക്ക് കുറിമാനമാക്കുകയും നബി(സ)തിരുമേനിയെ വധിക്കാൻപോലും ഗൂഢാലോചന നടത്തുകയും ചെയ്തു. ഏതെങ്കിലും സൽക്കാരത്തിനു തന്ത്രപൂർവം നബി(സ)തിരുമേനിയെ വിളിച്ചു വരുത്തി കുറച്ചു യഹൂദി യുവാക്കളെക്കൊണ്ട് കൊല്ലിക്കാൻ പദ്ധതി ആസൂത്രണം ചെയ്തു. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൃത്യസമയത്ത് അറിഞ്ഞതുകൊണ്ട് അത് വിജയിച്ചില്ല. സ്ഥിതിഗതികൾ ഇത്രത്തോളമെത്തുകയും കഅ്ബിനെതിരെ കരാർലംഘനം, നിയമലംഘനം, യുദ്ധത്തിനു പ്രേരിപ്പിക്കൽ, കലഹമുണ്ടാക്കൽ, അസംഭ്യം പറയൽ, വധശ്രമം എന്നീ കുറ്റങ്ങൾ തെളിവുസഹിതം പ്രകടമാകുകയും ചെയ്തയപ്പോൾ, നബി(സ)തിരുമേനി മദീനയിൽ വന്നപ്പോൾ മദീനയിലെ ജനങ്ങളുമായി അന്താരാഷ്ട്ര ഉടമ്പടി ചെയ്യുകയും തൽഫലമായി ജനാധിപത്യ ഭരണം നിലവിൽ വരികയും അവിടന്ന് അതിന്റെ പ്രസിഡന്റും ഭരണാധികാരിയും ആകുകയും ചെയ്തിരുന്നതുകാരണത്താൽ കഅ്ബ് ബിൻ അശ്റഫിന്റെ കൃത്യങ്ങൾ കാരണമായി അയാൾ വധശിക്ഷക്കർഹനാണെന്നു വിധിച്ചു. തന്റെ സ്വഹാബാക്കളോടു അയാളെ വധിക്കാൻ ഉത്തരവിട്ടു. എന്നാൽ, അയാളുടെ ആധിപത്യവും ജനങ്ങളുടെ ഇടയിലുള്ള സ്വാധീനവും കാരണത്താൽ പരസ്യമായ ശിക്ഷ നടപ്പാക്കിയാൽ മദീനയിൽ ആഭ്യന്തരകലഹം പൊട്ടിപുറപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് അയാളെ രഹസ്യമായി വധിക്കാൻ സ്വഹാബാക്കൾക്ക് നിർദേശം നൽകി. അവിടന്ന് ഈ ദൗത്യം നിർവ്വഹിക്കാൻ ഔസ് ഗോത്രത്തിലെ ആത്മാർഥനായ ഒരു സ്വഹാബി മുഹമ്മദ് ബിൻ മസ്ലമയെ ചുമതലപ്പെടുത്തി. ഏതു മാർഗം സ്വീകരിച്ചാലും ഔസ് ഗോത്രത്തിന്റെ റഈസായ സഅ്ദ് ബിൻ മുആദിന്റെ അഭിപ്രായം അനുസരിച്ചായിരിക്കണം നടപ്പിൽ വരുത്തേണ്ടതെന്നും അദ്ദേഹത്തിനോടു പറഞ്ഞു. അപ്പോൾ മുഹമ്മദ് ബിൻ മസ്ലമ പറഞ്ഞു:അല്ലാഹുവിന്റെ റസൂലേ! രഹസ്യമായി വധിക്കുന്നതിന് എന്തെങ്കിലും തന്ത്രങ്ങൾ ഉണ്ടാക്കേണ്ടതായി വരും. അതിന്റെ സഹായത്താലാകും കഅ്ബിനെ വീട്ടിൽനിന്ന് വിളിച്ചിറക്കി വധിക്കാൻ കഴിയുക. നബി(സ)തിരുമേനി പറഞ്ഞു: അതു ശരി!(ഏതുമാർഗമാണോ താങ്കൾ ചെയ്യാനാഗ്രഹിക്കുന്നത് ചെയ്തുകൊള്ളുക) അങ്ങനെ സഅ്ദ് ബിൻ മുആദിന്റെ അഭിപ്രായ പ്രകാരം മുഹമ്മദ് ബിൻ മസ്ലമ, അബൂ നാഇലയേയും രണ്ടുമൂന്നു സ്വഹാബിമാരേയും ഒപ്പം കൂട്ടി കഅ്ബിന്റെ വധശിക്ഷ നടപ്പിൽ വരുത്തി. അതിന്റെ യുക്തിയും വധിക്കാൻവേണ്ടി സ്വീകരിച്ച മാർഗവുമെല്ലാം ഞാൻ പറഞ്ഞതുപോലെ ചില സ്വഹാബിമാരുടെ വിവരണങ്ങളിൽ വിശദീകരിച്ചു പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. (ഖുത്ബ2018 ഡിസംബർ 7, അൽഫള്ൽ ഇന്റർനാഷണൽ 2018 ഡാസംബർ 28, ഖുത്ബ ജുമുഅ 2019 ഫെബ്രുവരി 7, അൽഫള്ൽ ഇന്റർനാഷണൽ 2018 ഫെബ്രുവരി 28).

എന്തായാലും ആസൂത്രണം ചെയ്തതനുസരിച്ച് അയാളെ രാത്രിയിൽ വീട്ടിൽനിന്നിറക്കിക്കൊണ്ടുപോയി വധിക്കുകയായിരുന്നു.

നേരം വെളുത്തപ്പോൾ കഅ്ബിന്റെ വധത്തെക്കുറിച്ചുള്ള വാർത്ത നഗരത്തിൽ പരന്നു. യഹൂദികളൊന്നടങ്കം ദ്വേഷത്താൽ എന്തിനും തയ്യാറായി. രണ്ടാം ദിവസം അവരുടെ ഒരു സംഘം നബി(സ)തിരുമേനിയുടെ അടുത്ത് വന്ന് പരാതിപ്പെട്ടു: ഞങ്ങളുടെ നേതാവ് കഅ്ബ് ബിൻ അശ്റഫ് വധിക്കപ്പെട്ടിരിക്കുന്നു.' നബി(സ) തിരുമേനി ഇതുകേട്ട്, തനിക്കറിയില്ല എന്നു പറഞ്ഞില്ല. മറിച്ച് പറഞ്ഞതിങ്ങനെയാണ്: 'കഅ്ബ് ഏതെല്ലാം കുറ്റങ്ങൾക്കാണ് കാരണക്കാരൻ എന്നു നിങ്ങൾക്കറിയാമല്ലോ. പിന്നിട് അവിടന്ന് മൊത്തത്തിൽ കഅ്ബിന്റെ കരാർലംഘനം, യുദ്ധത്തിനു പ്രേരിപ്പിക്കൽ, കലഹമുണ്ടാക്കൽ, അസഭ്യം പറയൽ, വധശ്രമം തുടങ്ങിയ ചെയ്തികളെക്കുറിച്ച് ഓർമിപ്പിച്ചു.' അതുകേട്ട് അവർ ഭയന്ന് നിശബ്ദരായി. കാര്യം ശരിതന്നെയാണെന്നും അയാൾക്കു നൽകേണ്ട ശിക്ഷ അതുതന്നെയായിരുന്നുവെന്നും അവർക്കു ബോധ്യമായി. പിന്നീട് നബി(സ)തിരുമേനി അവരോടു പറഞ്ഞു: 'കുറഞ്ഞ പക്ഷം ഭാവിയിലേക്കുവേണ്ടി നിങ്ങൾ സമാധാനത്തിനും സഹകരണത്തിനും ഉടമ്പടി ചെയ്യുകയും ശത്രുതയുടേയും കുഴപ്പങ്ങളുടേയും കലഹങ്ങളുടേയും വിത്തു വിതയ്ക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ യഹൂദികളുടെ സമ്മതത്തോടെ ഒരു പുതിയ ഉടമ്പടി എഴുതപ്പെട്ടു. യഹൂദികൾ മുസ്ലിമീങ്ങളുമായി ചേർന്ന് സമാധാനത്തോടും ശാന്തിയോടുംകൂടി വസിക്കുമെന്നും കുഴപ്പങ്ങളിൽനിന്നും കലാപങ്ങളിൽനിന്നും അകന്നിരിക്കുമെന്നുമുള്ള പുതിയ വാഗ്ദാനം ചെയ്തു. ഈ ഉടമ്പടി ഹദ്റത്ത് അലി(റ)യെ ഏല്പിച്ചു. അതിനുശേഷം എപ്പോഴെങ്കിലും കഅ്ബ് ബിൻ അശ്റഫിന്റെ വധത്തെ സംബന്ധിച്ച് യൂഹൂദികൾ മുസ്ലിമീങ്ങളുടെമേൽ ആക്ഷേപം ഉന്നയിച്ചിരുന്നതായി ചരിത്രത്തിൽ എവിടേയും രേഖപ്പെടുത്തിയിട്ടില്ല. കാരണം കഅ്ബിന് തന്റെ കർമത്തിന് അർഹമായ ശിക്ഷയാണ് കിട്ടിയതെന്ന് അവർക്കറിയാമിയിരുന്നു.'(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ് പേജ് 467 –471)

ഈ ശിക്ഷയാണ് അയാൾക്ക് നല്കപ്പെട്ടത്. തങ്ങൾ അതു ചെയ്തില്ല, തങ്ങൾക്കറിയില്ല എന്ന് പറഞ്ഞ് നബി(സ)തിരുമേനി അതു നിഷേധിച്ചിട്ടില്ല. പ്രത്യുത എല്ലാ കാര്യങ്ങളും അവരെക്കൊണ്ടു ഏറ്റുപറയിച്ചു. ഇത് അദ്ദേഹത്തിന്റെ തീരുമാനമായിരുന്നുവെന്ന് വ്യക്തമായിരുന്നു. അവിടന്ന് ഭരണത്തലവനായിരുന്നു. അതിൽ മദീനയിലെ നേതാക്കളായ രണ്ടുപേരുടെ അഭിപ്രായവുമുണ്ടായിരുന്നു. അവർ മുസ്ലിമീങ്ങളായിരുന്നു; സഅ്ദ് ബിൻ മുആദ് തുടങ്ങിയവർ.

യഹൂദീ ഗോത്രം ബനൂനളീർ നബി(സ)തിരു

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്ലിം)***

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരുനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്ലിം)**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

മേനിയെ കല്ലു വീഴ്ത്തി ഒരു വഞ്ചനയിലൂടെ വധിക്കാൻ പദ്ധതിയിട്ടു. അല്ലാഹു വഹ്‌യിലൂടെ നബി(സ)തിരുമേനിക്ക് അറിയിപ്പു നല്കി. നബി(സ)തിരുമേനി സ്വഹാബത്തിനോടൊപ്പം ആ ഗോത്രത്തിലേക്ക് പോയിരിക്കുകയായിരുന്നു. നബി(സ)തിരുമേനി പെട്ടെന്നുതന്നെ മദീനയിൽ തിരിച്ചുവന്നു. പിന്നീട് നബി(സ)തിരുമേനി ആ ഗോത്രത്തെ ഉപരോധിക്കാൻ കല്പന നല്കി. ഹിജ്റ നാല് റബീയുൽഅവ്വൽമാസത്തിൽ സ്വയം സംരക്ഷണ വിചാരത്തിൽ നിർബന്ധിതനായി ബനൂ നളീരിന്നെതിരിൽ സൈനിക നീക്കം ചെയ്യേണ്ടിവന്നു. ഇതിന്റെ ഫലമായി അവസാനം ഗോത്രം മദീനയിൽനിന്ന് നാടുകടത്തപ്പെട്ടു. നബി(സ)തിരുമേനിക്ക് ബനൂനളീർ യുദ്ധത്തിലെ ഗനീമത്തുമുതൽ കിട്ടിയപ്പോൾ അവിടന്ന് ഹദ്റത്ത് ഥാബിത് ബിൻ ഖയ്സിനെ വിളിച്ച് പറഞ്ഞു: എനിക്കുവേണ്ടി താങ്കളുടെ ജനതയെ വിളിക്കുക. ഹദ്റത്ത് ഥാബിത് പറഞ്ഞു: യാ റസൂലല്ലാഹ്! ഖസ്റജിനെയാണോ? അവിടന്ന് പറഞ്ഞു, ഏതു ഗോത്രത്തിൽപ്പെട്ടവരാണെങ്കിലുംവേണ്ടില്ല എല്ലാ അൻസ്വാറിനേയും വിളിക്കുക. അങ്ങനെ അദ്ദേഹം ഔസിനേയും ഖസ്റജിനേയും വിളിച്ചു. നബി(സ)തിരുമേനി അവരെ സംബോധന ചെയ്തു. അവിടന്ന് അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തു; അതിന്നവൻ അർഹനാണ്. പിന്നീട് മുഹാജിരീങ്ങൾക്ക് അൻസ്വാർ ചെയ്ത നന്മകൾ-അൻസ്വാർ മുഹാജിരീങ്ങളെ തങ്ങളുടെ വീടുകളിൽ താമസിപ്പിക്കുകയും തങ്ങളുടെ ജീവനെക്കാൾ അവരുടെ ജീവന് മുൻഗണന നല്കുകയും അങ്ങനെ എങ്ങനെയൊക്കെ അവർക്ക് നന്മകൾ ചെയ്തുവോ അതെല്ലാം പറഞ്ഞു. പിന്നീട് അവിടന്ന് പറഞ്ഞു: നിങ്ങൾ ഇഷ്ടപ്പെടുകയാണെങ്കിൽ ബനൂനളീറിൽനിന്നു കിട്ടിയിട്ടുള്ള ഗനീമത്തു മുതൽ നിങ്ങളിലും മുഹാജിരീങ്ങളിലുമായി വിതരണം ചെയ്യാം. അങ്ങനെയാണെങ്കിൽ മുഹാജിരീങ്ങൾ മുമ്പേയെന്നപോലെ നിങ്ങളുടെ വീടുകളിലും സമ്പത്തുകളിലും കഴിയുന്നതായിരിക്കും. കിട്ടിയ ഗനീമത്തു മുതൽ പകുതിപ്പകുതി വീതിച്ചെടുക്കുക. പക്ഷേ, അതിൻ്റഫലമായി എങ്ങനെയാണോ അവർ ആദ്യം നിങ്ങളുടെ വീടുകളിൽ കഴിഞ്ഞിരുന്നത് അതുപോലെ കഴിയുകയും നിങ്ങൾ അവരോടു നല്ല നിലയിൽ പെരുമാറിയിരുന്നതുപോലെ പെരുമാറുകയും വേണം. മുതൽ പകുതിപ്പകുതി എടുത്തുകൊള്ളുക. രണ്ടാമത്തെ മാർഗം നിങ്ങൾ ഇച്ഛിക്കുകയാണെങ്കിൽ ഈ മുതൽ ഞാൻ മുഹാജിറുകളിൽ മാത്രം വിതരണം ചെയ്യുകയും അവർ നിങ്ങളുടെ വീടുകളിൽ നിന്ന് ഇറങ്ങിപ്പോകുകയും ചെയ്യുന്നതാണ്. പിന്നെ നിങ്ങളുടെ വീടുകളിൽ താമസിക്കുകയില്ല. അവർ സ്വയം അവരുടെ കാര്യങ്ങൾ നോക്കേണ്ടതാണ്. കാരണം ഇപ്പോൾ അവർക്ക് അവരുടെ സ്വത്തു കിട്ടിക്കഴിഞ്ഞു. അപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയും ഹദ്റത്ത് സഅ്ദ് ബിൻ മുആദും പരസ്പരം സംസാരിച്ചു. ഇരുവരും കൂടിയാലോചിച്ചു. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! താങ്കൾ ഈ മുതലുകൾ മുഹാജിറുകളിൽത്തന്നെ വിതരണം ചെയ്തുകൊള്ളുക. അതിനോടൊപ്പം ഇങ്ങനേയും പറഞ്ഞു, എന്നാൽ, അവർ മുമ്പേയെന്നപോലെ തുടർന്നും ഞങ്ങളുടെ വീടുകളിൽ താമസിക്കുന്നതായിരിക്കും. സ്വത്തു വാങ്ങിയതിനുശേഷം ഞങ്ങളുടെ വീടുകളിൽനിന്ന് അവർ ഇറങ്ങിപ്പോകുന്നത് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അവർ എങ്ങനെയാണോ ഞങ്ങളുടെ വീടുകളിൽ താമസിച്ചുവരുന്നത്, എപ്രകാരമാണോ സാഹോദര്യബന്ധത്തിന്റെ പരമ്പര നിലനിൽക്കുന്നത് ഇപ്പോഴും അങ്ങനെ തുടരുന്നതായിരിക്കും. അൻസ്വാർ പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങൾ തൃപ്തരാണ്. ഞങ്ങളുടെ ശിരസ് കുനിയുകയാണ്. മുഴുവൻ സ്വത്തും അങ്ങ് മുഹാജിരീങ്ങളിൽ വിതരണം ചെയ്താലും ഇക്കാര്യത്തിൽ ഞങ്ങൾക്ക് ഒരു പരാതിയുമില്ല. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവേ! നീ അൻസ്വാറിന്റേയും അവരുടെ സന്താനങ്ങളുടെയുംമേൽ കാരുണ്യം ചൊരിയേണമേ. അതിനു ശേഷം നബി(സ)തിരുമേനി യുദ്ധമുതലുകൾ മുഹാജിറുകൾക്കിടയിൽ വിതരണം ചെയ്തു. അൻസ്വാറുകളിൽ നിർധനരായ രണ്ടുപേർക്കൊഴികെ മറ്റാർക്കും ഒന്നും കൊടുത്തില്ല. അവരാണ് സഹ്ൽ ബിൻ ഹുനയ്ഫും അബൂദുജാനയും. ശേഷം നബി(സ)തിരുമേനി അബൂഹുഖയ്ഖ് എന്ന യഹൂദിയുടെ, യഹൂദികൾക്കിടയിൽ വളരെ പ്രശസ്തമായ വാൾ സഅ്ദ് ബിൻ മുആദിനു നൽകുകയുണ്ടായി. പിന്നീട് ഹദ്റത്ത് മുആദിനും ഒരു വാൾ നല്കി. (അറ്റ്ലസ് സീറത്തുന്നബ്‌വി, പേജ് 264–265) (സുബുലുൽഹുദാ വ്വറശാദ് വാള്യം 4, പേജ് 325, ദിക്റു ഖുറൂജ് ബനിന്നളീർ മിൻ അർളിഹിം, ദാറുൽകുതുബുൽ ഇൽമി യ്യ, ബേറൂത്ത് 1993)

ഹദ്റത്ത് ആഇശാ(റ)യുടെമേൽ അപവാദം ഉന്നയിക്കപ്പെട്ട സംഭവമുണ്ടായി. നബി(സ)തിരുമേനിക്കും ഹദ്റത്ത് ആഇശാ(റ)ക്കും അവിടത്തെ കുടുംബത്തിനും വലിയ വിഷമഘട്ടത്തിലൂടെ കടന്നുപോകേണ്ടി വന്നു. അതിന്നിടയിൽ കുറച്ചുകാലത്തിനുശേഷം നബി(സ)തിരുമേനി സ്വഹാബത്തിനോടു ഒരു അവസരത്തിൽ കപടവിശ്വാസികളുടെ ഈ തെറ്റായ പ്രവർത്തനത്തെസംബന്ധിച്ച് പറഞ്ഞപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ) നിസ്സ്വാർഥ ജീവാർപ്പണത്തിന്റെ പ്രകടനം കാഴ്ചവയ്ക്കുകയുണ്ടായി.

ഈ സംഭവം വളരെ വിശദമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചിട്ടുണ്ട്. അത് ഒരു സ്വഹാബിയായ മിസ്ത്വഹിനെക്കുറിച്ചു പറഞ്ഞപ്പോൾ വിശദമായി വിവരിച്ചു കഴിഞ്ഞതാണ്. എന്നാലും ഹദ്റത്ത് സഅ്ദുമായി ബന്ധപ്പെട്ട ഭാഗം ഇവിടെ സമർപിക്കുകയാണ്. ഞാൻ പറഞ്ഞതുപോലെ ഒരു ദിവസം നബി(സ)തിരുമേനി ഇതിന്നിടയിൽ വീട്ടിൽനിന്ന് പുറത്തുവന്ന് സ്വഹാബത്തിനെ സംഘടിപ്പിച്ചു. എന്നിട്ടു ചോദിച്ചു, ‘എന്നെ പ്രയാസത്തിലകപ്പെടുത്തിയ വ്യക്തിയിൽനിന്ന് എന്നെ രക്ഷിക്കാൻ നിങ്ങളിലാരുണ്ട്?’ അവിടന്ന് ഉദ്ദേശിച്ചത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെ ആയിരുന്നു. അപ്പോൾ ഔസ് ഗോത്രത്തിന്റെ നേതാവായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ) എഴുന്നേറ്റു നിന്നുകൊണ്ടു പറഞ്ഞു: യാ റസൂലല്ലാഹ്! ആ വ്യക്തി ഞങ്ങളുടെ കൂട്ടത്തിലുള്ളതാണെങ്കിൽ ഞങ്ങൾ ആ വ്യക്തിയെ വധിക്കാൻ തയ്യാറാണ്. ഇനി ഖദ്റജിൽ നിന്നുള്ളതാണെങ്കിൽ കൂടി ആ വ്യക്തിയെ വധിക്കാൻ ഞങ്ങൾ തയ്യാറാണ്.’(തഫ്സീർ കബീർ വാള്യം 6, പേജ് 268 –270)

ഖൻദഖ് യുദ്ധത്തിനിടയിൽ അബൂസുഫിയാൻ ബനൂനളീറിന്റെ റഈസായ ഹുയിയ്യിനെ ബനൂ ഖുറയ്ള്വായുടെ റഈസായ കഅ്ബ് ബിൻ അസദിന്റെ അടുത്തു അയച്ചു; മുസ്‌ലിമീങ്ങളുമായി ചെയ്യപ്പെട്ട ഉടമ്പടി അവസാനിപ്പിക്കുന്നതിനുവേണ്ടി. അവർ അംഗീകരിക്കുന്നില്ലെങ്കിൽ ഫലമുള്ള തോട്ടം കാണിച്ചും മുസ്‌ലിമീങ്ങളുടെ നാശത്തെ കുറിച്ച് ഉറപ്പുനല്കിയും മുസ്‌ലിമീങ്ങളുമായി ചെയ്തിട്ടുള്ള ഉടമ്പടി അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നതാണെന്ന് സമ്മതിപ്പിച്ചു. കൂടാതെ മക്കയിലെ സത്യനിഷേധികളുടെ സഹായിയായിരിക്കുമെന്നും സമ്മതിപ്പിച്ചു.

ഈ സംഭവം വിവരിച്ചുകൊണ്ട് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എഴുതി: ബനൂഖുറയ്ള്വായുടെ ഭയാനകമായ വിശ്വാസവഞ്ചനയെക്കുറിച്ച് നബി(സ) തിരുമേനിക്ക് അറിവു ലഭിച്ചപ്പോൾ അവിടന്ന് ആദ്യം രണ്ടുമൂന്നുപ്രാവശ്യം രഹസ്യമായി സുബയ്ർ ഇബ്നുൽഅവാമിനെ അവസ്ഥകൾ അന്വേഷിക്കാൻ അയച്ചു. പിന്നീട് നിയമപരമായ നിലയിൽ ഔസ്, ഖദ്റജ് ഗോത്രങ്ങളുടെ നേതാക്കളായ സഅ്ദ് ബിൻ മുആദിനെയും സഅ്ദ് ബിൻ ഉബാദയെയും മറ്റു സ്വാധീനമുള്ള സ്വഹാബികളെയും ഒരു സംഘത്തിന്റെ രൂപത്തിൽ ബനൂഖുറയ്ള്വായിലേക്കയച്ചു. സങ്കീർണമായ വാർത്ത എന്തെങ്കിലുമാണെങ്കിൽ തിരിച്ചുവന്ന് പരസ്യമായി അതു പറയരുതെന്ന് അവരോടു താക്കീതു ചെയ്തു പറഞ്ഞു. ജനങ്ങളിൽ വിഭ്രാന്തി ഉണ്ടാകാതിരിക്കാൻ സൂചനയോടെ പ്രവർത്തിക്കുക. ഇക്കൂട്ടർ ബനൂഖുറയ്ള്വായുടെ വാസസ്ഥലത്തെത്തുകയും അവരുടെ നേതാവായ കഅ്ബ് ബിൻ അസദിന്റെ അടുത്ത് പോകുകയും ചെയ്തു. ആ ദുഷ്ടൻ അങ്ങേയറ്റം അഹങ്കാരത്തോടുകൂടിയാണ് അവരെ കണ്ടത്. സഅ്ദുമാരിൽനിന്ന് അതായത് സഅ്ദ് ബിൻ മുആദിന്റേയും സഅ്ദ് ബിൻ ഉബാദയുടേയും ഭാഗത്തുനിന്ന് ഉടമ്പടിയെ കുറിച്ച് കേട്ടപ്പോൾ അയാളും അയാളുടെ ഗോത്രത്തിലെ ആളുകളും എതിർത്തുകൊണ്ട് പറഞ്ഞു, നിങ്ങൾ പോകുക. മുഹമ്മദിന്റേയും ഞങ്ങളുടേയുമിടയിൽ ഒരു ഉടമ്പടിയുമില്ല.’ ഞങ്ങളൊരു ഉടമ്പടിയും ചെയ്തിട്ടുമില്ല. ‘ഈ വാക്കുകൾ കേട്ട് സ്വഹാബത്തിന്റെ ഈ സംഘം അവിടെനിന്നെഴുന്നേറ്റുപോന്നു. സഅ്ദ് ബിൻ മുആദും സഅ്ദ് ബിൻ ഉബാദയും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി ഉചിതമായ രീതിയിൽ അവസ്ഥകളെ കുറിച്ച് വിവരം നല്കി.’(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 584–585)

എന്തായാലും ആ നേരത്ത് അവരുടെ ഈ പ്രവർത്തനം മുസ്‌ലിമീങ്ങൾക്ക് വളരെ വ്യാകീർണമായിരുന്നു. നാലുഭാഗത്തുനിന്നും മക്കയിലെ അവിശ്വാസകൾ മദീനയെ വളഞ്ഞിരുന്നു. മക്കയിലെ അവിശ്വാസികളുമായുള്ള യുദ്ധത്തിന്റെ അവസ്ഥ കാരണത്താൽ ആ ഗോത്രങ്ങൾക്കെതിരിൽ ഒരു നടപടിയും സ്വീകരിക്കാനും പറ്റുമായിരുന്നില്ല. പക്ഷേ, യുദ്ധം അവസാനിച്ചതോടെ നഗരത്തിൽ തിരിച്ചെത്തിയപ്പോൾ അല്ലാഹു നബി(സ)തിരുമേനിക്ക് ജാഗ്രദർശനത്തിൽ ബനൂഖുറയ്ള്വായുടെ വഞ്ചനയ്ക്കും രാജ്യദ്രോഹത്തിനുമുള്ള ശിക്ഷ കൊടുക്കാൻ പറഞ്ഞു. അവർക്ക് ശിക്ഷ കിട്ടേണ്ടതാണെന്ന കല്പന യുണ്ടായി. അപ്പോൾ നബി(സ)തിരുമേനി ബനൂഖുറയ്ള്വായുടെ കോട്ടകളിലേക്ക് പോകാനും അസ്വ്ർ നമസ്കാരം അവിടെ പോയി നിർവഹിക്കാനും വിളംബരം ചെയ്തു. നബി(സ)തിരുമേനി ഹദ്റത്ത് അലിയെ സ്വഹാബത്തിന്റെ ഒരു സംഘത്തോടൊപ്പം ക്ഷണത്തിൽ മുമ്പേ യാത്രയാക്കി. ഈ യുദ്ധത്തിന്റെ വിശദീകരണം സുദീർഘമാണ്. അതിലും അന്തിമ തീരുമാനമെടുക്കുന്നതിൽ സഅ്ദ് ബിൻ മുആദിനു മുഖ്യപങ്കുണ്ട്. അതിപ്പോൾ വിവരിക്കുവാനുള്ള സമയമില്ല. ഇൻശാഅല്ലാഹ് പിന്നീട് വിശദീകരിക്കുന്നതാണ്.

ബദർ
വീക്കിലി ഖാദിയാൻ
Weekly BADAR Qadian Malayalam
www.akhbarbadrqadian.in
The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

(പേജ് 2ൽനിന്ന്)

കാര്യവുമില്ലെന്നിരിക്കെ, ഒരു അഹ്മദി മുസ്‌ലിമാവാതിരിക്കാൻ തനിക്ക് കാരണങ്ങളേതുമില്ല എന്ന് പാമിന് തീർച്ചയായി. അങ്ങനെ സഫറുല്ലാഹ് ഖാൻ സാഹിബിന്റെ സാന്നിധ്യത്തിൽ പമേല എൽഡർ ബയ്അത്ത് ചെയ്തു. അന്നേ ദിവസം മുപ്പത്തിനാല് വയസ്സ് മാത്രം പ്രായമുള്ള സാജിദയ്ക്ക്, തന്റെ ജീവിതത്തിലെ ആദ്യ ബയ്അത്ത് കരഗതമായി.

തബ്‌ലീഗിൽ വിജയം കൈവരിക്കുവാനുള്ള ചില സവിശേഷമായ സ്വഭാവഗുണങ്ങൾ സാജിദയ്ക്കുണ്ടായിരുന്നു. പാം പറയുന്നു:

“സാജിദ വളരെ ദാനശീലയായിരുന്നു. ഭക്ഷണത്തിന്റെ അവസാന പറ്റുവരെ ആരുമായും പങ്കിടുമായിരുന്നു. വിശ്വസ്തയും ഉദാരമതിയും കാരുണ്യവതിയുമായ മികച്ച കൂട്ടുകാരി സാജിദ അവളുടെ വിശ്വാസത്തെ ജീവിച്ചു കാണിച്ചു”

സാജിദയ്ക്ക് തബ്‌ലീഗിൽ ഇത്രയേറെ വിജയം നല്കിയതെന്തെന്ന് ചോദിച്ചപ്പോൾ, പാം പറഞ്ഞു: “ആളുകൾക്ക് കുറേയേറെ സമയം നല്കുമായിരുന്നു. അവരുടേയും വീക്ഷണങ്ങൾ കേൾക്കുന്നതിൽ സാജിദ സന്തോഷിച്ചിരുന്നു.”

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഹാർട്ടൽപൂളിലെ പ്രാദേശിക ജമാഅത്തിലെ ഒരു സജീവ അംഗമായി പാം ഇന്നും തുടരുന്നു.

**ഒരു അതീന്ദ്രിയ അനുഭവം!**

സാജിദയുടെ ജീവിതത്തിലെ സംഭവബഹുലമായ മറ്റൊരു വർഷമായിരുന്നു 1981. സ്തനാർബുധം നിർണയിച്ചതിനുശേഷം സാജിദ സ്തനശസ്ത്രക്രിയയ്ക്ക് വിധേയയായത് ഈ വർഷമാണ്. എന്റെ ഉമ്മ വളരെ പോസിറ്റീവായ വ്യക്തിയും ഒരു തരത്തിലുള്ള വിഷാദത്തിനും അടിമപ്പെടുവാൻ അനുവദിക്കാത്ത സഹജമായ വിശ്വാസത്തിന് ഉടമയുമായിരുന്നു. ഒരുപക്ഷേ, വിഷമം നിറഞ്ഞ ഈ സമയത്ത്, അഗാധമായ വിശ്വാസം കൊണ്ടായിരിക്കാം അതീന്ദ്രിയമായൊരു അനുഭവത്തിലൂടെ അവർ അനുഗൃഹീതയായത്. അല്ലാഹുവുമായുള്ള സാജിദയുടെ കൂടിക്കാഴ്ച്ചയായിരുന്നു അത്.

ഓപറേഷൻ തീയറ്ററിൽ കിടക്കവേ, താൻ മരിച്ചതായും തന്റെ വീടിന്റെ കോണുകളിലിരുന്ന് ബന്ധുക്കൾ കരയുന്നതായും സാജിദ കാണുകയുണ്ടായി. പിന്നീട് തന്റെ ശരീരം ഓപറേഷൻ തീയറ്ററിൽ നിശ്ചലമായി കിടക്കുന്ന വിചിത്രമായ കാഴ്ച്ച കാണുകയും, താൻ സ്രഷ്ടാവിന്റെ അടുക്കൽ എത്തിച്ചേർന്നതായി സാജിദയ്ക്ക് അനുഭവപ്പെടുകയും ചെയ്തു. തന്റെ മരണത്തിൽ ഏറെ ദുഖിതയായിക്കൊണ്ട്, തനിക്ക് തീരെ ചെറിയ മക്കളുണ്ടെന്നും (എനിക്ക് അന്ന് അഞ്ചു വയസ്സും എന്റെ മൂത്തവർക്ക് പത്തും പതിനൊന്നും വയസ്സുമായിരുന്നു) മരിക്കുവാൻ ആഗ്രഹിക്കുന്നില്ലെന്നും അതിനാൽ ലോകത്തേക്ക് തിരിച്ചയക്കണമെന്നും സാജിദ അല്ലാഹുവിനോട് അഭ്യർഥിച്ചു. ഇരു ലോകങ്ങളിലെയും സമയം വ്യത്യസ്തമായതിനാൽ സാജിദയുടെ മരണത്തിനുശേഷം ആയിരം വർഷം പിന്നിട്ടിരിക്കെ തിരിച്ചയച്ചാലും കുടുംബവുമായി ഒരുമിക്കാൻ കഴിയില്ല എന്നതായിരുന്നു അല്ലാഹുവിന്റെ മറുപടി. അല്ലാഹുവേ! നീ കാലത്തിന്റെ അധിപനാണ്. നീ വിചാരിച്ചാൽ സമയത്തേയും പിന്നോട്ടാക്കുവാൻ കഴിയുമെന്ന് ഉമ്മ അപ്പോൾ പറഞ്ഞു. ഉമ്മയുടെ വാദത്തെ പരിഗണിക്കുമെന്നോണം ഒരു നിമിഷത്തെ നിശബ്ദതയ്ക്കുശേഷം കാരുണ്യവാനായ അല്ലാഹു അവരുടെ അഭ്യർഥനയെ അംഗീകരിച്ചു. എന്നാൽ, ദൈവവിധിയാണിതെന്ന് തിരിച്ചറിയുവാനായി രണ്ടു അടയാളങ്ങൾ അവൻ പ്രഖ്യാപിക്കുകയും ചെയ്തു. ഒന്ന് അവർക്ക് രക്തത്തിന്റെ ആവശ്യം വരുന്നതല്ല. രണ്ട് ശസ്ത്രക്രിയയ്ക്കുശേഷം അസഹ്യമായ വേദന അനുഭവപ്പെടുന്നതാണ്. ശസ്ത്രക്രിയയ്ക്കുശേഷം ബോധം തെളിഞ്ഞപ്പോൾ, തന്റെ ശരീരത്തിലേക്ക് രക്തം കയറ്റുന്നതായി കണ്ട ഉമ്മ വെപ്രാളത്തോടെ ബ്ലഡ് ബാഗ് ചൂണ്ടിക്കൊണ്ട് അത് മാറ്റുവാനായി ഡോക്ടർമാരോട് ആഗ്യം കാണിക്കാൻ തുടങ്ങി. അവരുടെ മനസ്സിലാകമാനം അല്ലാഹുവിന്റെ വാക്കുകൾ മാറ്റൊലിക്കൊണ്ടു. ഉമ്മയുടെ ആരോഗ്യാവസ്ഥ കാരണത്താലുള്ള ആശങ്കയായിരിക്കും ഇതെന്നാണ് ഉപ്പ കരുതിയത്. എന്നാൽ, നോക്കിനില്ക്കേ, മെഡിക്കൽ സ്റ്റാഫിനെ സംഭ്രമിപ്പിച്ചുകൊണ്ട് ഉമ്മയുടെ ശരീരം രക്തത്തിനോട് പ്രതികരിക്കാൻ തുടങ്ങി. സാധാരണയായി പ്രതികരിക്കുവാൻ സാധ്യതയുള്ള രോഗികൾ ആദ്യ പൻറ്റി(Pint)ലാണ് പ്രതികരിക്കുന്നത്. ഉമ്മയാകട്ടെ മൂന്നാമത്തെ പിൻറ്റിലായിരുന്നു കയറ്റികൊണ്ടിരുന്നത്. അങ്ങനെ ഉടനെതന്നെ രക്തം കയറ്റുന്നത് നിറുത്തുകയുണ്ടായി. തുടർന്ന് രണ്ടു മൂന്നു ദിവസത്തേക്ക് ശസ്ത്രക്രിയ ചെയ്ത ഭാഗങ്ങളിൽ ഉമ്മയക്ക് തുടർച്ചയായി കഠിനമായ വേദന അനുഭവപ്പെടാൻ തുടങ്ങി. ഇതങ്ങേയറ്റം അസഹ്യമായപ്പോൾ, ഈ വേദന തനിക്ക് ജീവിതം തിരിച്ചേകിയ ദൈവികവിധിക്കുള്ള തെളിവാണെന്നുള്ള ബോധ്യമുണ്ടെന്നും അതിനാൽ ഇതിൽനിന്നും മോചനം നല്കേണമേ എന്നും ഉമ്മ ഉൽക്കടമായി ദുആ ചെയ്യുവാൻ തുടങ്ങി. കാരുണ്യവാനായ അല്ലാഹു അവരുടെ ദുആ സ്വീകരിച്ചു. അതുല്യവും അഗാധവുമായ ഈ അനുഭവമാണ് തുടർന്നുള്ള ഉമ്മയുടെ ജീവിതത്തിന് രൂപം നല്കിയതെന്ന് ഞാൻ കരുതുന്നു. ദൈവവുമായുള്ള കൂടിക്കാഴ്ചയുടെ തീക്ഷ്ണാനുഭവം ചെറു പ്രായത്തിൽ അതായത് തന്റെ 34–ാം വയസ്സിൽത്തന്നെ എന്റെ ഉമ്മ അനുഭവിച്ചറിഞ്ഞു എന്നതാണ് എന്നെ അത്ഭുതപ്പെടുത്തുന്നത്.

തുടർന്നുള്ള വർഷം രണ്ടാമതൊരു മകന്റെ നിനച്ചിരിക്കാത്ത വരവ് എന്റെ ഉമ്മയെ ആഹ്ലാദഭരിതയാക്കി; ആബിദ് വഹീദ് അഹ്മദ് ഖാൻ. ഇതവരുടെ ഒരു അഭിലാഷമായിരുന്നതിനാൽ ശസ്ത്രക്രിയക്കുശേഷം ഇത് സാധ്യമാണോ എന്ന് ഡോക്ടർമാരോട് ചോദിക്കുക പോലും ചെയ്തിരുന്നു. താങ്ങാവുന്നതിനെക്കാൾ അപ്പുറമാണ് ഉമ്മ ആഗ്രഹിക്കുന്നതെന്ന മട്ടിൽ ഡോക്ടർമാർ അവരുടെ ചോദ്യത്തെ തള്ളിക്കളഞ്ഞെങ്കിലും സർവശക്തനായ അല്ലാഹു ഉമ്മയുടെ ഹൃദയാഭിലാഷത്തെ പൂർത്തീകരിച്ചുകൊടുത്തു. ബുദ്ധിശാലിയും ദൈവഭക്തിയുമുള്ള അവരുടെ ഈ മകൻ വളർന്നു വലുതാകുമ്പോൾ ജമാഅത്തിനുവേണ്ടി ജീവിതം സമർപിക്കുന്നതിലായിരിക്കാം എന്റെ ഉമ്മയുടെ എല്ലാ സന്തോഷവും!

**ജീവിതത്തെ മാറ്റിമറിച്ച തീരുമാനവും ഖിലാഫത്തിനോടുള്ള അനുസരണവും**

ഖലീഫയായതിനുശേഷമുള്ള ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)ന്റെ ആദ്യ ഇംഗ്ലണ്ട് പര്യടനമായിരുന്നു ആ വർഷം. മക്കളുടെ തർബിയ്യത്ത് കാര്യത്തിൽ അസ്വസ്ഥരായിരുന്ന എന്റെ മാതാപിതാക്കൾ പാകിസ്താനിലേക്ക് തിരിച്ചു മടങ്ങുവാനും റാവൽപിണ്ടിയിൽ ഒരു സർജറി ക്ലിനിക് സ്ഥാപിക്കുവാനുള്ള ആലോചനയിലായിരുന്നു. അങ്ങനെ എന്റെ ഉമ്മ ഹുദൂർ തിരുമനസ്സിനെ ലണ്ടനിൽ വച്ചു കാണുകയും തീരുമാനങ്ങളൊക്കെ അറിയിക്കുകയും ചെയ്തു. എന്നാൽ, ഹുദൂറിന്റെ മറുപടി ഉമ്മയെ ആശ്ചര്യപ്പെടുത്തി. ‘ഈ രാജ്യത്തിന് ഒന്നും ചെയ്തുവെക്കാതെ നിങ്ങൾ ഇവിടംവിട്ട് പോകുക എന്ന ചിന്ത തന്നെ തനിക്കിഷ്ടപ്പെട്ടില്ലെന്നും പത്തു അഹ്മദി കുടുംബങ്ങളെയെങ്കിലും ഹാർട്ടൽപൂളിൽ സ്ഥാപിച്ചെടുക്കാതെ അവർ പോകുവാൻ പാടില്ലെന്നും ഹുദൂർ പറഞ്ഞു. ഇത് പ്രത്യക്ഷത്തിൽ തികച്ചും അസാധ്യമായ ഒന്നായിരുന്നു. കാരണം ആ സമയത്ത് ആകെ ഒരു സ്ത്രീയെ (പമേല എൽഡർ) മാത്രമാണ് ഉമ്മ അഹ്മദി ആക്കിയിട്ടുള്ളത്. അതും എട്ടു വർഷത്തെ സ്ഥിരചിത്തതയ്ക്കും നിരന്തരമായ ദുആകൾക്കും ശേഷം.

ഉടൻ തന്നെ എന്റെ മാതാപിതാക്കൾ അവരുടെ തീരുമാനങ്ങളെല്ലാം മാറ്റുകയുണ്ടായി. അതോടൊപ്പം ഞങ്ങൾ നാലുമക്കളുടെ വിധിയും, മറ്റൊരു തീരുമാനത്തെ കുറിച്ചുള്ള ചിന്തയും പോലും പിന്നീടുണ്ടായില്ല. ഇതായിരുന്നു ഖിലാഫത്തിനോടുള്ള അവരുടെ അനുസരണം. 1984 ഏപ്രിലിൽ ഹുദൂർ തിരുമനസ്സ് ഇംഗ്ലണ്ടിലേക്ക് പാലായനം ചെയ്തതോടെ ഈ അനുസരണത്തിനുള്ള പ്രതിഫലം അവരെ തേടിയെത്തി. തങ്ങളുടെ സ്നേഹനിധിയായ ഖലീഫയ്ക്ക് താമസിക്കുവാൻ സാധിക്കാത്ത ഒരു രാജ്യത്തേക്ക് മടങ്ങിയിരുന്നെങ്കിൽ തീർച്ചയായും എന്റെ മാതാപിതാക്കൾ അങ്ങേയറ്റം തകർന്നു പോയേനെ.

**വീണ്ടും പുതിയ ബയ്അത്തുകൾ**

1985–ൽ സാജിദ ഹമീദിലൂടെ രണ്ടുപേർ കൂടി അഹ്മദിയ്യത്ത് സ്വീകരിച്ചു. അവരിൽ ഒരാൾ ഉമ്മയ്ക്ക് പത്ത് വർഷക്കാലത്തോളം പരിചയമുണ്ടായിരുന്ന ബെറിൽ ടൈലറാ(Beryl Taylor) ണ്. ആഴ്ചയിൽ രണ്ടോ മൂന്നോ തവണ അത്താഴത്തിന് തങ്ങളെ ക്ഷണിച്ചിരുന്ന സാജിദയുടെ കാരുണ്യവും ആതിഥ്യമര്യാദയുമാണ് തന്നെ ആകർഷിച്ചതെന്ന് ബെറിൽ പറയുന്നു. മൂന്ന് ചെറിയ മക്കളുണ്ടായിട്ടും മറ്റുള്ളവർക്കുവേണ്ടി എപ്പോഴും സമയം കണ്ടെത്തിയിരുന്ന സാജിദയുടെ ആതിഥ്യമര്യാദയുടെ വ്യാപ്തി ഇതായിരുന്നു. ഒരേ കുടുംബത്തിലെ അംഗങ്ങളെപോലെ തങ്ങൾക്കിടയിലുണ്ടായിരുന്ന സ്നേഹത്തിന്റേതായ ഊഷ്മളബന്ധം തനിക്കു നന്നേ ഇഷ്ടമായിരുന്നു എന്ന് ബെറിൽ ഓർക്കുന്നു. വർഷങ്ങളോളം ബെറിലിനു വേണ്ടി ദുആ ചെയ്തിരുന്ന സാജിദ, അഹ്മദി ആകുവാൻ താൽപര്യമുണ്ടോ എന്ന് അവരോട് ചോദിക്കുകയുണ്ടായി. നിലവിൽ ചർച്ചുമായി അകലത്തിലായിരുന്നെങ്കിലും ചെറുപ്പത്തിൽ മെതോടിസ്റ്റ് ചർച്ചിലെ ഞായറാഴ്ച്ച ക്ലാസുകളിൽ കൃത്യമായി പങ്കെടുത്തിരുന്ന ബെറിൽ ആലോചിക്കാം എന്നാണ് മറുപടി പറഞ്ഞത്. ഒരുപക്ഷേ, ഇസ്‌ലാമിലെ ഒന്നിനോടും അവർക്ക് വിമുഖതയില്ലെങ്കിലും പരിവർത്തനം ചെയ്യുവാനുള്ള ധൈര്യം അവർക്ക് ഇല്ലായിരുന്നിരിക്കാം. അങ്ങനെയിരിക്കെ സാജിദയുടെ ദുആകൾ സ്വീകരിക്കപ്പെട്ടു. ഒരു വിശ്വാസിയെന്ന നിലയിൽ എന്നത്തേയും പോലെ ബെറിലിന് ഒരു ദൈവിക അടയാളം ലഭിക്കേണമേ എന്ന് അവർ പ്രാർഥിക്കുകയും അത്തരത്തിലുള്ള ഒന്ന് ലഭിക്കുമെന്ന് തന്റെ സുഹൃത്തിനെ അറിയിക്കുകയും ചെയ്തിരുന്നു. ആ ‘അടയാളം’ തക്കസമയത്ത് വെളിപ്പെട്ടു. തന്റെ കിടക്കയുടെ അരികിലായി ശുഭ്രവസ്ത്രധാരിയായ ഒരു ഏഷ്യക്കാരൻ നിൽക്കുന്നതായി ബെറിൽ സ്വപ്നം കണ്ടു. ഇതേ സ്വപ്നം ബെറിൽ വീണ്ടും കാണുകയുണ്ടായി. എന്നാൽ, അടുത്ത തവണ ആ വ്യക്തി തന്റെ അടുക്കലേക്ക് കൈകൾ നീട്ടുന്നതായാണ് അവർ കണ്ടത്. ആ സ്വപ്നത്തിലെ വ്യക്തി ആരാണെന്നോ എന്താണെന്നോ അല്ലാഹുവിനുമാത്രം അറിയാം. ഇതേകുറിച്ച് ബെറിൽ പറഞ്ഞപ്പോൾ, ഒരടയാളമാണിതെന്നും വീണ്ടും ഇതേ സ്വപ്നം കാണുന്നുണ്ടെങ്കിൽ പറയണമെന്നും സാജിദ പറഞ്ഞു. അങ്ങനെയിരിക്കെ ആഴ്ചകൾക്കുശേഷം ഇതേ സ്വപ്നം ബെറിൽ വീണ്ടും ദർശിച്ചു. അതോടെ ബയ്അത്ത് ചെയ്യുവാനുള്ള ദൃഢനിശ്ചയം അവർക്ക് കൈവന്നു. ആറു വർഷക്കാലത്തെ കാരുണ്യവും സൽസ്വഭാവവും ദുആകളും പൂവണിഞ്ഞ അന്നേ ദിവസം എന്റെ ഉമ്മ അങ്ങേയറ്റം സന്തോഷവതിയായിരുന്നു. തുടർന്ന് നാലുമാസങ്ങൾക്കുശേഷം റോണി റോസെല്ലും(Ronnie Rowsell) അഹ്മദിയ്യത്ത് ആശ്ലേഷിക്കുകയു

ണ്ടായി. തീർച്ചയായും ഈ ബയ്അത്തും ഉമ്മയുടെ മഹത്തായ മറ്റൊരു ഉദ്യമത്തിന്റെ ഫലമായിരുന്നു. അഹ്മദീ കുട്ടികൾക്കും നവ അഹ്മദികൾക്കുംവേണ്ടി തയ്യാറാക്കിയ ഒരു മാസികയായിരുന്നു ആ ഉദ്യമം. സാജിദ ഒരു അഗ്രഗാമിയായിരുന്നു. ഇന്റർനെറ്റ് പ്രചാരത്തിൽ വന്നിട്ടില്ലാത്ത കാലത്ത് യു.കെയിലെ അഹ്മദി കുടുംബങ്ങൾക്കിടയിൽ ദീനി വിജ്ഞാനത്തെ പ്രചാരപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ തിരിച്ചറിഞ്ഞുകൊണ്ട് സാജിദ സാഹിബ 'കൗകബ്' എന്ന മാസികയ്ക്ക് തുടക്കം കുറിച്ചു. 1983 മുതൽ 1988 വരെ നീണ്ട നിന്ന പ്രസിദ്ധീകരണ വർഷങ്ങളിൽ ലജ്നകൾക്കിടയിൽ വളരെ പ്രചാരത്തിൽ വന്ന ഈ മാസിക തയ്യാറാക്കാനും പ്രസിദ്ധീകരിക്കുവാനുമുള്ള സമർപണവും ധൈര്യവും സാജിദ കാണിച്ചു. ഒരേ സമയം വിദ്യാഭ്യാസപരവും ആസ്വാദകരവുമായ പുതുമയു ള്ള ഒന്നിന് രൂപം നല്കുക എന്നതായിരുന്നു ഉമ്മയുടെ ഉദ്ദേശം.

എന്റെ ഇളയ അനുജൻ ആബിദ് പറയുന്നു:"എന്റെ ഉമ്മി തന്റെ കഴിവുകളേയും ഉപയോഗപ്പെടുത്തി. ഞങ്ങൾക്കൊക്കെ ഞങ്ങൾക്കുള്ള കഴിവുകൾ നന്നായി പ്രയോജനപ്പെടുത്താത്തതിൽ കുറ്റബോധം തോന്നാറുണ്ട്. ചിലപ്പോൾ മുൻകൈയെടുക്കുവാനുള്ള ഭയം കൊണ്ടോ അതല്ലെങ്കിൽ മറ്റു പല കാരണങ്ങളാലോ ആകാം. എന്നാൽ, നമ്മൾ ഓരോരുത്തരും മുൻ കൈയെടുക്കണം. മുന്നിട്ടിറങ്ങണം എന്ന വലിയ പാഠമാണ് ഉമ്മിയിൽ നിന്ന് പഠിക്കുവാനുള്ളത്. 'കൗകബ്' മാസിക വലിയൊരു ഉദാഹരണമാണ്.

കുട്ടികൾക്കുവേണ്ടി 1983-ൽ സാജിദ തയ്യാറാക്കിയ പരിശുദ്ധ പ്രവാചകൻ(സ)യുടെ ജീവചരിത്രം അവരുടെ ജീവിതത്തിലെ മറ്റൊരു സുപ്രധാന നേട്ടമായിരുന്നു. തുടർന്നുള്ള വർഷം പട്രീഷ്യ ഡക്സ് ഫീൽഡും (Patricia Duxfield) അഹ്മദിയ്യത്തിൽ പ്രവേശിക്കുകയുണ്ടായി. പാറ്റ് ആന്റി(Patricia Duxfield)യുടെ ഭർത്താവിനെ ഞങ്ങളുടെ ഉപ്പ ഡോക്ടർ ഹമീദ് തബ്ലീഗ് ചെയ്യുവാൻ തുടങ്ങിയതിലൂടെയാണ് സാജിദ അവരെ പരിചയപ്പെട്ടത്. അഹ്മദിയായതിനെപ്പറ്റി പാറ്റ് ആന്റി എപ്പോഴും പറയാറുള്ളത്, സാജിദയ്ക്ക് തന്റെ ഹൃദയം തുറക്കുവാനുള്ള സ്പെഷ്യൽ താക്കോൽ തിരിച്ചറിയുവാൻ കഴിഞ്ഞു എന്നാണ്. അവർ ഏഷ്യൻ വിഭവങ്ങൾ പാകം ചെയ്യുമായിരുന്നു. ഇവിടെയും എന്റെ ഉമ്മയുടെ ആതിഥ്യമര്യാദയും സൗഹൃദവുമാണ് തുടക്കത്തിൽ ഇവരെയും ഇസ്‌ലാമിലേക്ക് ആകർഷിച്ചത്.

**പുതു വിശ്വാസികളുടെ ചർച്ചാ വേദി**

പുതുതായി ബയ്അത്ത് ചെയ്തു വന്നവർക്ക് തർബിയ്യത്ത് നല്കേണ്ടതിന്റെ ആവശ്യകത എന്റെ മാതാപിതാക്കൾക്ക് അനുഭവപ്പെട്ടു തുടങ്ങി. പരസ്പരം ആശയങ്ങൾ പങ്കുവയ്ക്കാനും പഠിക്കുവാനുമുള്ള അവസരം നവഅഹ്മദികൾക്ക് ഒരുക്കിക്കൊടുക്കുന്നതിനോടൊപ്പം ഇസ്‌ലാമിനെ അറിയുവാൻ താൽപര്യമുള്ളവർക്ക് ഒരു വേദിയും ഒരുക്കുക എന്നതയിരുന്നു എന്റെ മാതാപിതാക്കളുടെ ആഗ്രഹം. വാരാന്ത്യങ്ങളിൽ നടന്നു വന്നിരുന്ന ഈ ചർചാവേദി പിൽക്കാലത്ത് സ്ഥിരമായ വാർഷിക പരിപാടിയായി പരിണമിക്കുകയും 1992-ൽ ഉമ്മയ്ക്ക് അസുഖം ബാധിക്കുന്നതുവരെ തുടരുകയും ചെയ്തു. അതീവ ശ്രദ്ധയോടെ ബിലാൽ (Bilal Atkinson)അങ്കിൾ സൂക്ഷിച്ചുവച്ച പണ്ടത്തെ പരിപാടികൾ മറിച്ചു നോക്കുമ്പോൾ വിശിഷ്ടരായ അതിഥികളെയും നവ അഹ്മദികളെയും പ്രസംഗകരും യോഗാധ്യക്ഷരുമാക്കി വ്യത്യസ്തമായ അനേകം വിഷയങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് അവർ നടത്തിയ സജീവമായ പരിപാടികൾ എന്നിൽ വളരെയധികം മതിപ്പുളവാക്കി.

1989-ൽ നടന്ന നവഅഹ്മദികളുടെ രണ്ടാമത്തെ ചർചാവേദി(New Convert Forum) സൺഡേ ടെലഗ്രാഫ് റിപ്പോർട്ട് ചെയ്യുകയുണ്ടായി. എനിക്കോർമയുണ്ട്, കുറച്ചു മാസങ്ങൾക്കുശേഷം (മാർച്ച് 1990) "ബ്രിട്ടനിലെ ഇസ്‌ലാമിന്റെ പെൺമക്കൾ" എന്ന തലക്കെട്ടോടുകൂടി പരിപാടിയുടെ നല്ലൊരു റിപ്പോർട്ടടങ്ങിയ ഈ ലേഖനം പ്രസിദ്ധീകരിച്ചപ്പോൾ മാസികയുടെ മുഖചിത്രമായി വന്നത്, തന്റെ ഇളയ സഹോദരി നബീലയുടെയും ത്വാഹിറ ലെസ്ബിയുടെയും ഒപ്പമുള്ള എന്റെ ഉമ്മയുടെ മുഴുനീളൻ കറുത്ത ഹിജാബ് ധരിച്ച ആകർഷണീയമായ ചിത്രമായിരുന്നു. എന്നാൽ, ഈ എല്ലാ കൂട്ടായ്മയേയും അവിസ്മരണീയമാക്കിയത് 1991ലെ ചോദ്യോത്തരവേളയിലെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)ന്റെ അനുഗൃഹീത സാന്നിദ്ധ്യമായിരുന്നു. അന്ന് ഹുദൂർ തിരുമനസ്സിനെ തന്റെ വീട്ടിലേക്ക് സ്വീകരിക്കുന്നതിനായുള്ള ഒരുക്കങ്ങൾ കൈകാര്യം ചെയ്യുന്നതോടൊപ്പം അദ്ദേഹത്തിന്റെ വരവിന്റെ അന്ന് രാവിലെ 'ദൈവാസ്തിക്യം വിശുദ്ധ ഖുർആനിലൂടെ' എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുവാനും അവതരിപ്പിക്കാനുമുള്ള സമയം എന്റെ ഉമ്മയെങ്ങനെ കണ്ടെത്തി എന്നോർത്ത് ഞാൻ ഇന്നും അത്ഭുതപ്പെടാറുണ്ട്.

**ഖലീഫമാരുടെ സന്ദർശനങ്ങൾ**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) എന്നീ മൂന്നു ഖലീഫമാർ മൊത്തം പതിനേഴു പ്രാവശ്യം ഹാർട്ടൽപൂൾ സന്ദർശിക്കുകയുണ്ടായി. തബ്ലീഗിന്റെ കാര്യത്തിൽ എന്റെ മാതാപിതാക്കൾക്കുണ്ടായിരുന്ന ആവേശവും സമർപണവുമാണ് കടലോരത്തുള്ള ഈ കൊച്ചു പട്ടണത്തെ ഉയരങ്ങളിൽ എത്തിച്ചത്. അവരുടെ സമർപ്പണത്തിനുള്ള അംഗീകാരമെന്നോണമാണ് പലപ്പോഴായി ഹുദൂർ തിരുമനസ്സ് തന്റെ സാമീപ്യം കൊണ്ട് ഞങ്ങളെ അനുഗൃഹീതരാക്കിയതെന്ന് എനിക്ക് തീർചയാണ്. 1997 ഒക്ടോബറിലെ അവിസ്മരണീയമായ പര്യടനത്തിൽ മുഴുവൻ ഉർദു ക്ലാസിനേയും കൂട്ടിയാണ് ഹുദൂർ തിരുമനസ്സ് ഹാർട്ടൽപൂളിലേക്ക് വന്നത്.

എന്റെ ഉമ്മയ്ക്ക് തന്റെ ഭൗതിക ജീവിതത്തിനു ശേഷം ഇന്നും ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രങ്ങളുടെ ഒരു വലിയ പങ്ക് ഇസ്‌ലാമിന്റെ പ്രചാരണത്തിനുവേണ്ടി അവർ കാണിച്ച സമർപണവും അതുമുഖേന മാറ്റിമറിച്ച പതിനെട്ടു സ്ത്രീകളുടെ ജീവിതവും ഒന്നുകൊണ്ടാണ് തബ്ലീഗിനായുള്ള ഉമ്മയുടെ ആദ്യ ശ്രമത്തിന് മുപ്പതു വർഷം പിന്നിടുമ്പോൾ ഇന്ന് ഹാർട്ടൽപൂളിനെ മനോഹരമാക്കിക്കൊണ്ട് അവരുടെ പ്രവർത്തനത്തിന് സാക്ഷിയെന്നോണം തലയെടുപ്പോടെ നിൽക്കുന്ന തേൻ നിറത്തിലുള്ള മനോഹരമായ മസ്ജിദ്, ഒരു രീതിയിൽ പറഞ്ഞാൽ ജമാഅത്തിനുവേണ്ടി എന്റെ മാതാപിതാക്കളായ സാജിദ ഹമീദും ഡോക്ടർ ഹമീദുഖാനും ചെയ്ത സമാനതകളില്ലാത്ത സേവനങ്ങളെ ഓർമിപ്പിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) 2005 നവംബർ 11 ന് ഉൽഘാടനം ചെയ്ത ഈ മസ്ജിദിന് പൂർണമായും മസ്ജിദ് എന്ന നിലയിൽ ലണ്ടന് വെളിയിൽ നിർമിക്കപ്പെട്ട ആദ്യത്തെ 'അഹ്മദീ മസ്ജിദ്' എന്ന പ്രത്യേകത കൂടിയുണ്ട്. തദ്ദേശത്തെ ഒരു ക്രിസ്തീയ ദേവാലയത്തിന് അഭിമുഖമായാണ് ഈ മസ്ജിദും സ്ഥിതി ചെയ്യുന്നതെന്നത് തങ്ങളുടെ ക്രിസ്തീയ അയൽവാസികളോടൊത്ത് എന്റെ ഉപ്പയും ഉമ്മയും വളരെ സന്തോഷത്തോടെ സഹവസിച്ചതിനെ പ്രതിഫലിപ്പിക്കുന്നതാണ്. ജമാഅത്തിന്റെ സ്ഥാപനത്തിനുശേഷം വളരുന്തോറും സ്നേഹിക്കുവാൻമാത്രം പഠിച്ച ഈ പട്ടണത്തിൽ നിന്നും വിട്ടുപോരുവാൻ ഉമ്മയ്ക്ക് കഴിയില്ലായിരുന്നു. എന്റെ ഉമ്മ ഹാർട്ടൽപൂളിനെ ആത്മീയമായി മനോഹരമാക്കിയതുപോലെ ഈ മസ്ജിദും തരിശുഭൂമിയായിരുന്ന ഈ പ്രദേശത്തെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് പ്രത്യക്ഷത്തിൽ മനോഹരമാക്കിക്കൊണ്ടിരിക്കുന്നു.

സ്ഥലപരിമിധി ഇല്ലായിരുന്നെങ്കിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അത് മനോഹരമായി ഹാർട്ടൽപൂൾ *"ദ പൂൾ ഓഫ് ഹാർട്ട്സ്"* എന്ന് വിശേഷിപ്പിച്ച ഈ ജമാഅത്തിനെ പിന്നീടെങ്ങനെയാണ് സാജിദ സാഹിബ വിപുലമാക്കിയതെന്ന് ഞാൻ വിസ്തരിച്ച് എഴുതിയേനെ.

ഇൻശാ അല്ലാഹ് മുന്നൂറ് കൊല്ലത്തിനുള്ളിൽ അഹ്മദിയ്യത്ത് വിജയിക്കുമെന്ന് വാഗ്ദത്ത മസീഹ്(അ) പ്രവചനം ചെയ്തിരിക്കെ ഇനിയും ഇതുപോലുള്ള പ്രതിഭാശാലികളായ ലജ്നകളെ ജമാഅത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കും. തന്റെ ചെറുപ്രായത്തിൽത്തന്നെ സമാനതകളില്ലാത്ത വിധം സാജിദ ചെയ്ത പ്രവർത്തനങ്ങൾ ഒരു വലിയ പാഠമാണ് നമുക്ക് നല്കുന്നത്. ദൈവികമായ സഹായവും പ്രിയ ഹുദൂറിന്റെ ദുആകളും നിർദേശങ്ങളുമുണ്ടെങ്കിൽ അസാധ്യമായിട്ട് ഒന്നും തന്നെയില്ല. (മർയം മാസിക, ജനുവരി മാർച്ച് 2016)

---

(പേജ് 10ൽനിന്ന്)

ന്നില്ല, മരിച്ചാലും അവന് പുതിയൊരു ജീവിതം നല്കപ്പെടുന്നു. ഹദ്റത്ത് ദാവൂദ്(അ) പറഞ്ഞു: ഞാൻ കുട്ടിയായിരുന്നു. ഇപ്പോൾ വൃദ്ധനായി. ഞാൻ ഒരു ദൈവാരാധകനേയും നിന്ദ്യമായ അവസ്ഥയിൽ കണ്ടിട്ടില്ല. അവരുടെ മക്കളും യാചിച്ചു നക്കുന്നതായി കണ്ടിട്ടില്ല. അതായത് മുത്തഖിയുടെ മക്കളുടെ ഉത്തരവാദിത്വവും അല്ലാഹു ഏറ്റെടുക്കുന്നു. പക്ഷേ, ഹദീഥിൽ വന്നിരിക്കുന്നു: അക്രമി തന്റെ ബന്ധുമിത്രാദികളുടെമേലും അക്രമം ചെയ്യുന്നു. കാരണം അവരിൽ അയാളുടെ ദുഷ്പ്രഭാവം പതിയുന്നു.' (മൽഫൂദാത്ത് വാള്യം 1 പേജ് 167-170, ഖാദിയാൻ 2018)

★★★★

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ ജർമൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2019 ജൂലായ് 05 വെള്ളിയാഴ്ച:**

(തുടർച്ച....)

**ലിഥ്വാനിയ(Lithuania) സംഘവുമായി കൂടിക്കാഴ്ച**

58 പേരടങ്ങുന്ന ഒരു സംഘമാണ് ജർമൻ ജൽസാ സാലാനയിൽ പങ്കെടുക്കാനെത്തിയത്. ഇതിൽ 46 അനഹ്മദികളും അമുസ്‌ലിമീങ്ങളും 12 അഹ്മദികളും ഉണ്ടായിരുന്നു.

❁ സംഘത്തിലെ ഒരു സ്നേഹിതൻ പറയുന്നു: ഞാനൊരു എഴുത്തുകാരനാണ്. ഒരു മാസികയും നടത്തുന്നുണ്ട്. ജനങ്ങൾ അടുത്തുവരാൻവേണ്ടി മനുഷ്യത്വത്തെ പരിഗണിക്കുക എന്നതാണ് എന്റെ ലക്ഷ്യം. ഹുദൂറിന്റെ പ്രഭാഷണങ്ങളിൽനിന്ന് തിരഞ്ഞെടുത്തും എഴുതാറുണ്ട്. ഇപ്രകാരം ജനങ്ങൾ ഇസ്‌ലാമിനോടടുക്കട്ടെ. അവർക്ക് യഥാർഥ ഇസ്‌ലാമിന്റെ അധ്യാപനം പ്രാപ്തമാകട്ടെ. എന്റെ ആദ്യ മാസിക അഹ്മദിയ്യാ ജമാഅത്തിനെ പരാമർശിച്ചു കൊണ്ടാണ് പുറത്തിറക്കിയത്. അഹ്മദിയ്യാ ജമാഅത്തിനേയും ഖലീഫമാരേയും പരിചയപ്പെടുത്തുകയും ജൽസാ സാലാനയെ പരാമർശിച്ചു കൊണ്ട് അതിൽ നടന്നു വരുന്ന സേവനങ്ങൾ തുടങ്ങിയവയെ കുറിച്ച് വിശദമായി എഴുതുകയും ചെയ്തു.

ഹുദൂർ അൻവർ: ഇതിനെ നിങ്ങൾ ലിഥ്വാനിയയിൽ വ്യാപിപ്പിക്കുക. രാജ്യത്താകമാനം നിങ്ങൾ ജമാഅത്തിനെ പരിചയപ്പെടുത്തുകയാണ്. രാജ്യത്താകമാനം ഇതു ചെയ്യുക. ഇപ്രകാരം അവിടെയുള്ള മുബല്ലിഗിന്റെ ആലസ്യവും നീങ്ങിപ്പോകുന്നതാണ്. അദ്ദേഹത്തിനും പ്രവർത്തിക്കേണ്ടതായി വരും.

❁ ലിഥ്വാനിയായിലെ പത്രോസ് യാനോ ല്യൂനസ് സാഹിബ് തന്റെ വികാരങ്ങൾ ഇങ്ങനെ പങ്കു വെക്കുന്നു: ജൽസാസാലാനയിലേക്ക് വരുന്നതിനു മുമ്പേ ഇസ്‌ലാമിനെ സംബന്ധിച്ചുള്ള എന്റെ കാഴ്ചപ്പാട് ഒട്ടും നല്ലതായിരുന്നില്ല. എന്നാൽ, ഇതിൽ പങ്കെടുത്തതിനുശേഷം എന്റെ വികാരങ്ങൾ വളരെ പ്രോത്സാഹനാജനകമായി മാറി. മുസ്‌ലിമീങ്ങൾ അവരുടെ വിശ്വാസത്തിൽ വളരെ ഗൗരവം കല്പിക്കുന്നവരാണെന്ന് ഈ ജൽസയിലൂടെ എനിക്ക് മനസ്സിലായി. നിങ്ങളുടെ ഖലീഫ വളരെ സ്വാധീനം ജനിപ്പിക്കുന്ന ഒരു വ്യക്തിത്വമാണ്. ജനങ്ങളോട് വളരെ തുറന്ന് സംസാരിക്കുന്നു.

❁ ലിത്വാനിയയിൽനിന്നുവന്ന എദൻസ് ബ്രസാവസക്സ് പറയുന്നു: ഞാനെന്നും ഒരു മതം എന്ന നിലയിൽ ഇസ്‌ലാമിനെ ആദരിച്ചിരുന്നു. ഇവിടെ വന്നപ്പോൾ ഇസ്‌ലാം സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും മതമാണെന്ന് എനിക്ക് മനസ്സിലായി. ഖലീഫ സാഹിബിന്റെ വ്യക്തിത്വത്തിൽ ഞാൻ വളരെ ആകൃഷ്ടനാണ്.

❁ റീതാ അപ്സീഗി സാഹിബ പറയുന്നു: ജൽസയുടെ ഓരോ ദിനവും ഒരു പുതിയ അനുഭവമായിരുന്നു. ജൽസയുടെ സൗഹൃദപരമായ അന്തരീക്ഷം ഒരുപാട് ആകർഷിച്ചു. ഖലീഫ വളരെ ആകർഷണീയ വ്യക്തിത്വത്തിന്റെ ഉടമയാണ്. എല്ലാ ഓരോരുത്തരുടേയും ചോദ്യങ്ങൾ കേൾക്കുകയും ക്ഷമാപൂർവം അദ്ദേഹം മറുപടി നല്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ തമാശകളും വളരെ രസകരമാണ്.

❁ ലിഥ്വാനിയായിൽനിന്നുവന്ന മാനീഫ മസ്കീനി സാഹിബ തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിക്കുന്നു: ജൽസയിൽ പങ്കെടുക്കുന്നതിനുമുമ്പേ ഇസ്‌ലാമിനെ സംബന്ധിച്ച് സംശയങ്ങളുണ്ടായിരുന്നു. കാരണം ചില മുസ്‌ലിമീങ്ങൾ ദ്വേഷപ്പെടുന്നവരും ഇതര മതങ്ങളെ സംബന്ധിച്ച് ഒട്ടും ക്ഷമയില്ലാത്തവരുമാണ്. എന്നാൽ, ജൽസയിൽ പങ്കെടുത്തതിനുശേഷം അഹ്മദീ മുസ്‌ലിമീങ്ങൾ ഇതരരുടെ അഭിപ്രായത്തേയും മതത്തേയും ആദരിക്കുന്നവരും സർവ മനുഷ്യർക്കുമിടയിൽ സമാധാനവും സ്നേഹവും വ്യാപിപ്പിക്കുന്നവരുമാണെന്ന് ഞാൻ വിലയിരുത്തി. ഇസ്‌ലാമിനെ സംബന്ധിച്ച് വളരെ കാര്യങ്ങൾ പുതുതായി പഠിക്കാൻ കഴിഞ്ഞു. എല്ലാവരും സ്നേഹിക്കുന്നവരും സേവനം നല്കാൻ തയ്യാറുള്ളവരുമാണ്. ഖലീഫ സാഹിബിന്റെ പ്രോത്സാഹനാജനകമായ ചിന്ത എന്റെ മനസ്സിൽ ഉറച്ചു കഴിഞ്ഞു. ചോദ്യങ്ങൾക്ക് അദ്ദേഹം നല്കിയ മറുപടികളും വളരെ വിശദവും എല്ലാ ഓരോരുത്തർക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതുമായിരുന്നു. ഹുദൂറിന്റെ സമാധാന സന്ദേശം വളരെ ആകർഷണീയമാണ്. ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാൻ സൗഭാഗ്യം ലഭിച്ചതിലും എനിക്ക് വളരെ സന്തോഷമുണ്ട്.'

❁ ലിഥ്വാനിയായിൽനിന്നു വന്ന ഗീനാ പാവ്ലാവസ്കി സാഹിബ് പറയുന്നു: ഇസ്‌ലാമിനെ സംബന്ധിച്ച് അറിവിൽ വർധന ഉണ്ടായിരിക്കുന്നു. ഖുർആൻ പാരായണം കേട്ടപ്പോൾ വളരെ ഇഷ്ടം തോന്നി. ഖലീഫ സാഹിബിന്റെ മറുപടികൾ വളരെ വിശദവും ആകർഷണീയവുമായിരുന്നു.

❁ മാരിയ കോമിയാ ഗോ സാഹിബ പറയുന്നു: ജൽസയിൽ സമാധാനം പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്ന മുസ്‌ലിമീങ്ങളിൽ നല്ലൊരു വിഭാഗം ആളുകളെ കാണാനുള്ള അവസരം കിട്ടി. ഇസ്‌ലാമികാധ്യാപനങ്ങളെ പരാമർശിച്ചുള്ള വിവിധ വിഷയങ്ങളിൽ വളരെ കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. ജൽസാ വേളയിൽ എല്ലായിടത്തും കണ്ട പുഞ്ചിരിയോടെയുള്ള മുഖങ്ങൾ വളരെ സ്വാധീനം ചെലുത്തുന്നതായിരുന്നു. ഖലീഫ സാഹിബ് വളരെ വലിയ വൈജ്ഞാനിക വ്യക്തിത്വമാണ്. തമാശയിലും പൂർണത കൈവരിച്ചിരിക്കുന്നു.

❁ ലിഥ്വാനിയായിൽനിന്നുള്ള ലോറിനാസ് വലാട്കാ(Laurynas Valatka) സാഹിബ് പറയുന്നു: ജൽസയിൽ പങ്കെടുത്തിനുശേഷം ഇസ്‌ലാമിനെ സംബന്ധിച്ചുള്ള എന്റെ അഭിപ്രായം 180 ഡിഗ്രി അളവിൽ മാറ്റം വന്നിരിക്കുകയാണ്. ജമാഅത്ത് വളരെ സമാധാനകാംക്ഷിയും തീവ്രവാദത്തിന് തികച്ചും എതിരുമാണ്. എമിഗ്രേഷൻ വിഷയമാണെങ്കിലും ന്യൂക്ലിയർ യുദ്ധമാണെങ്കിലും സാമൂഹിക പ്രശ്നങ്ങളാണെങ്കിലും ശരി അഹ്മദിയ്യാ ജമാഅത്ത് ലോകത്തിലെ ഏതു പ്രശ്നത്തിനും പരിഹാരം നിർദേശിക്കുന്നു. മറ്റുള്ളവരിൽനിന്നു സ്വയം ഉയർത്തിക്കാണിക്കുന്ന ഭൗതികരായ നേതാക്കന്മാർക്ക് ഘടകവിരുദ്ധമായി ഖലീഫ സാഹിബ് വളരെ മിതമായ പ്രകൃതിയുടെ ഉടമയാണ്. വളരെ സഹതാപം പുലർത്തുന്ന വ്യക്തിയും സ്നേഹവും രസികത്വവും വളരെ നല്ല രീതിയിൽ കാണിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയുമാണ്. ഇക്കാര്യം എന്നെ വളരെ ആകർഷിച്ചു.

❁ ലിഥ്വാനിയായിൽനിന്നു വന്ന റിമാ പോവിലെനീൻ(Rima Povileniene) സാഹിബ പറയുന്നു: ജൽസയിൽ പങ്കെടുത്തതുകൊണ്ട് ഇസ്‌ലാമികാധ്യാപനങ്ങളെ കുറിച്ച് വളരെ കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. ഇസ്‌ലാമിനെ കുറിച്ചും ജമാഅത്തിനെ കുറിച്ചുമുള്ള പരിചയപ്പെടലിലും ചരിത്രത്തിലധിഷ്ഠിതമായ പ്രദർശനവും വളരെയധികം പ്രയോജനകരമായിരുന്നു. ജൽസയുടെ വ്യവസ്ഥാപിതമായ സംവിധാനം വിസ്മയിപ്പിക്കുന്നതായിരുന്നു. നമ്മുടെ ലിഥ്വാനിയൻ അഹ്മദിസുഹൃത്ത് ഓക്സേ അഹ്മദ്(Aukse Ahmed) വളരെ സ്നേഹിക്കുന്ന വനിതയാണ്. ജൽസാ അവസരത്തിൽ അവർ എല്ലാ കാര്യങ്ങളും ഞങ്ങൾക്ക് പരിചയപ്പെടുത്തിയിരുന്നു. സകല പ്രവർത്തകരും വളരെ സ്നേഹിക്കുന്നവരും ക്ഷമ കാണിക്കുന്നവരുമാണ്. ഹുദൂറുമായുള്ള കൂടിക്കാഴ്ചാ വേളയിൽ വളരെ സമാധാനവും ശാന്തിയും അനുഭവപ്പെട്ടു. അദ്ദേഹത്തിന്റെ മറുപടിയിൽ വളരെ ആകൃഷ്ടനാണ്.

❁ ലിഥ്വാനിയായിൽനിന്നുള്ള സ്റ്റാനിസ്ലാവ ലിജികീനെ(Stanislava Ligeikiene) സാഹിബ പറയുന്നു: മുസ്‌ലിമീങ്ങളുമായുള്ള എന്റെ ബന്ധം 1970 മുതലാണ്. ജമാഅത്തിലെ ഇത്രയും വ്യക്തികൾ ഒരേ ലക്ഷ്യത്തോടെ ഒരുമിച്ചുകൂടുന്നതും വളരെ അച്ചടക്കത്തോടെ നമസ്കാരം നിർവഹിക്കുന്നതും പ്രാർഥിക്കുന്നതുമെല്ലാം വളരെ സ്വാധീനം ഉളവാക്കുന്നതാണ്. തന്റെ ആത്മാവിനെ എങ്ങനെ ശുദ്ധീകരിക്കാം എന്ന ചോദ്യത്തിനു നല്കിയ മറുപടി വളരെ നല്ലതായിരുന്നു. ആത്മാവിനെ ശുദ്ധീകരിക്കാൻവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുക. ഇതിലൂടെ മാപ്പിനപേക്ഷിക്കുക. അവനെ സ്നേഹിക്കുക. അവൻ നിങ്ങളേയും സ്നേഹിക്കുന്നതാണ്.

**ഹദീഥുന്നബ്വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)***

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**ഹദീസുന്നബ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:
'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'
(തിർമുദി)**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

ആത്മാവിനെ ശുദ്ധീകരിക്കാൻ ഇസ്‌ലാമിന് അതിന്റേതായ വീക്ഷണമുണ്ട്. ക്രിസ്തുമതത്തിന് അതിന്റേതായ വീക്ഷണമുണ്ട്. എന്നും നമ്മെ ശരിയായ പാതയിൽ നയിക്കാനും പാപങ്ങളിൽനിന്ന് ശുദ്ധീകരിക്കാനും തുടർന്ന് അതിൽ അടിയുറച്ചുനില്ക്കാനും അവസരം കിട്ടാൻ ഉന്നതനായ ദൈവത്തോട് പ്രാർഥിക്കേണ്ടതാണ്. തന്റെ ഓരോ പ്രവൃത്തിയും ദൈവം നോക്കുന്നു എന്ന് സ്വയം അറിയേണ്ടതാണ്. അപ്പോൾ മനുഷ്യൻ ശരിയായതും നല്ലതുമായ പ്രവൃത്തിയേ ചെയ്യുകയുള്ളൂ.

✵ലിഥ്വാനിയായിൽനിന്നുവന്ന ദമ്പതികളായ ജുസൂലെനാസ് സിൽവിനാസും (Juzulenas Zilvinas) ജുർഗിത ജുസൂലെനീനും(Jurgita Juzulenas) തങ്ങളുടെ അനുഭവം ഈ വാക്കുകളിൽ വിവരിച്ചു: ജൽസയിൽ പങ്കെടുത്തതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്. രണ്ട് വയസ്സുള്ള ഞങ്ങളുടെ കുട്ടിയേയും കൂടെ കൊണ്ടു വന്നിരുന്നു. ചെറിയ കുട്ടിയോടൊപ്പം യാത്ര ചെയ്യൽ ബുദ്ധിമുട്ടായിരുന്നു. എന്നാൽ, ജൽസയുടെ അന്തരീക്ഷവും ഖലീഫ സാഹിബിന്റെ സ്നേഹവും നമ്മെ ഇവിടെ വലിച്ചുകൊണ്ടു വന്നു. ജൽസാ വേളയിൽ ക്ഷമയുടേയും സഹിഷ്ണുതയുടേയും നിലവാരം വളരെ ഉദാത്തമായിരുന്നു. ജനങ്ങൾ വളരെ നല്ല രീതിയിലാണ് പെരുമാറിയിരുന്നത്.

അവർ തുടർന്നു പറഞ്ഞു: ഞങ്ങൾ ഖലീഫത്തുൽ മസീഹിനെ കാണാൻ അക്ഷമരായി കാത്തിരിക്കുകയായിരുന്നു. കാരണം ഈ നിമിഷങ്ങൾ വളരെ ധന്യമായിരുന്നു. വളരെ അവിസ്മരണീയമായ നിമിഷങ്ങളായിരുന്നു. ഖലീഫയുടെ ശബ്ദവും മന്ദഹാസവും ഏറ്റവും സുന്ദരവും വളരെ സ്വാധീനം ഉളവാക്കുന്നതുമായിരുന്നു. ഞങ്ങൾ ഞങ്ങളുടെ മാതാവിനും മകൾക്കും വേണ്ടി ദുആക്കപേക്ഷിച്ചു. ഖലീഫ സാഹിബിന്റെ പ്രാർഥന ഞങ്ങൾക്ക് വളരെ വിലപിടിച്ചതായിരുന്നു. ലോകത്ത് സ്നേഹവും സഹിഷ്ണുതയും നല്ല അധ്യാപനങ്ങളും പ്രചരിപ്പിക്കുന്നതിൽ ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

✵ഒരു സ്നേഹിതൻ പറഞ്ഞു: ഉന്നതനായ അല്ലാഹുവിന്റെ ഔദാര്യത്താൽ ലിഥ്വാനിയായിൽ നമ്മുടെ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഹുദൂർ എപ്പോഴാണ് ലിഥ്വാനിയയിലേക്ക് വരുന്നത്?

ഹുദൂർ അൻവർ: എപ്പോൾ വരുമെന്ന് താങ്കൾ ചോദിക്കുന്നു. നിങ്ങൾ ക്ഷണിക്കാത്തതെന്താണ്?

ആ അതിഥി: ഞങ്ങൾ അങ്ങയെ ക്ഷണിക്കുകയാണ്.

ഹുദൂർ അൻവർ: വളരെ താഴ്ന്ന ശബ്ദത്തിലാണ് ക്ഷണിച്ചത്.

അപ്പോൾ ചിരിച്ചു കൊണ്ട് ഉറക്കെ ഹുദൂർ അൻവറിന് അദ്ദേഹം ക്ഷണം അറിയിച്ചു.

✵ലിഥ്വാനിയായിലെ ഒരു Lawyer കമ്പനിയുടെ തലവനായ സരുനാസ് ബഡഉസ്കാസ് (Sarunas Badauskas) പറയുന്നു: ജൽസ സാലാന വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കാരണം ഇതിൽനിന്ന് സമാധാന നിർഭരമായ ഇസ്‌ലാമിന്റെ അധ്യാപനം മനസ്സിലാക്കാൻ കഴിയുന്നു. കാരണം ഇസ്‌ലാമിനെ സംബന്ധിച്ചുള്ള തെറ്റായ വീക്ഷണങ്ങൾ വേരോടെ ഇതിൽ പിഴുതെറിയപ്പെടുന്നു.

✵ ബൊലേസ്ലാവ് രഗൂഖി(Boleslav Ragucki) പറയുന്നു: ഇത്ര സുപ്രധാനവും വലുതുമായ ജൽസയിൽ പങ്കെടുക്കാൻ കഴിഞ്ഞത് എനിക്ക് വളരെ സന്തോഷം പകരുന്നതാണ്. എനിക്ക് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം അറിയുന്നതിനുള്ള അവസരം ലഭിച്ചിരിക്കുന്നു. ഞാൻ വളരെ നല്ലതും യുക്തി നിർഭരവുമായ കാര്യങ്ങൾ കേട്ടിരിക്കുന്നു. ഇവിടുത്തെ സംവിധാനങ്ങൾ എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ടു.

✵ ഒരു വനിതാ അതിഥി ചോദിച്ചു: ഹുദൂർ, ഖലീഫത്തുൽ മസീഹ് എന്ന നിലയിൽ അങ്ങ് എപ്പോഴും വലിയ തിരക്കിലായിരിക്കും. ഹുദൂർ ഹോബികൾ(hobbies)ക്കുവേണ്ടി എങ്ങനെയാണ് സമയം നീക്കി വെക്കുന്നത്?

ഹുദൂർ അൻവർ: എന്റെ ഹോബി(hobby) ജമാഅത്തിന്റെ പ്രവൃത്തികൾ തന്നെയാണ്.

✵ യാക്കൂബോവ് ഡാഡോജാൻ(Yaqubov Dadojon) പറയുന്നു: ജൽസയുടെ എല്ലാ സംവിധാനങ്ങളും വളരെയധികം വ്യവസ്ഥാപിതമായ രീതികൾ അവലംബിച്ചുകൊണ്ടുള്ളതായിരുന്നു. ഡ്യൂട്ടി നൽകുന്നവർ അതിഥികളെ വളരെ നല്ലവണ്ണം നോക്കി. പ്രഭാഷണങ്ങളുടെ നിലവാരം വളരെ ഉയർന്നതമായിരുന്നു. പ്രത്യേകിച്ചും ജർമൻ പ്രസംഗം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഇതിൽ ധാരാളം സാരോപദേശങ്ങളുണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് സർവലോകത്തും വ്യാപിക്കണമെന്നുള്ളത് എന്റെ ആഗ്രഹമാണ്.

✵മാരിജ രഗൂഘ (Marija Ragucka)പറയുന്നു: ആദ്യമായാണ് ജൽസാസാലാനയിൽ പങ്കെടുക്കുന്നത്. വളരെ ക്ഷമ പുലർത്തുന്ന അന്തരീക്ഷമായിരുന്നു. എനിക്ക് ഖലീഫയെ കണ്ടപ്പോൾ വളരെയധികം സന്തോഷം അനുഭവപ്പെട്ടു. അദ്ദേഹത്തിന്റെ വാക്കുകൾ യുക്തിനിർഭരമായിരുന്നു. കൂടിക്കാഴ്ചക്ക് ശേഷവും ഞാൻ ആ സന്തോഷം അനുഭവിച്ചു വരികയാണ്.

✵ഒരു അതിഥിയുടെ ചോദ്യത്തിന് ഹുദൂർ ഇങ്ങനെ മറുപടി നല്കി: എല്ലാ മതങ്ങളും ദൈവത്തിൽ നിന്നുള്ളതാണ്. ഉന്നതനായ ദൈവം എല്ലാ സമൂഹങ്ങളിലും ദൂതന്മാരെ അയച്ചു. ഹദ്റത്ത് യേശുമസീഹ് താൻ കാണാതെ പോയ ആടുകളിലേക്ക്(lost tribes) അയക്കപ്പെട്ടതാണെന്ന് സ്വയം പറഞ്ഞിരിക്കുന്നു. ബൈബിളിൽ ഇതിനെ കുറിച്ചുള്ള സ്മരണയുണ്ട്. സർവലോകത്തിനുംവേണ്ടിയാണ് താൻ വന്നിട്ടുള്ളതെന്ന് യേശുമിശിഹാ ഒരിക്കലും പറഞ്ഞിട്ടില്ല.

ഹുദൂർ അൻവർ പറഞ്ഞു: വിശുദ്ധ ഖുർആൻ അവസാനത്തെ ഗ്രന്ഥമാണ്. താൻ സർവലോകത്തേക്കും വേണ്ടിയാണ് നിയോഗിതനായിരിക്കുന്നതെന്ന് മുഹമ്മദ് നബി(സ) പറഞ്ഞിട്ടുണ്ട്. അദ്ദേഹം സർവ ലോകത്തിലേക്കും സർവ മനുഷ്യർക്കും വേണ്ടി നിയോഗിതനായ ദൂതനാണെന്ന് വിശുദ്ധ ഖുർആനിലുമുണ്ട്. വിശുദ്ധ ഖുർആൻ അവസാനത്തെ ദൈവികനിയമ വ്യവസ്ഥിതി ഉൾക്കൊള്ളുന്ന ഗ്രന്ഥമാണ്. അവസാന കാലഘട്ടംവരേക്കും ഇതു നിലനില്ക്കുന്നതുമാണ്. എല്ലാ ദൂതന്മാരും ദൈവത്തിൽനിന്നു വന്നതാണെന്നത് നമ്മുടെ ഉറച്ച വിശ്വാസമാണ്. അവർ വിവിധ സമുദായങ്ങളിലേക്കും ദേശങ്ങളിലേക്കും നിയോഗിതരായി. നബി(സ) തിരുമേനിയെ സർവ ദേശത്തേക്കുമായി നിയോഗിച്ചയച്ചു.

ഹുദൂർ അൻവർ പറഞ്ഞു: മതത്തിൽ ഒരുവിധ നിർബന്ധവുമില്ലെന്ന് *ലാ ഇക്റാഹ ഫിദ്ദീനി* വിശുദ്ധ ഖുർആൻ പറയുന്നു. ഓരോ മനുഷ്യനും മതത്തെ തിരഞ്ഞെടുക്കുന്നതിൽ സ്വതന്ത്രനാണ്. അംഗീകരിക്കാത്തവരും നമ്മുടെ സ്നേഹിതർ തന്നെയാണ്. മനുഷ്യത്വത്തിന്റെ നാമത്തിൽ എല്ലാവരും സ്നേഹിതർ തന്നെയാണ്. എല്ലാവരുമായും നാം നല്ല സ്നേഹ ബന്ധമാണ് വെച്ചുപുലർത്തേണ്ടത്.

✵അഹ്മദികളും ഇതര മുസ്‌ലിമീങ്ങളും തമ്മിലുള്ള വ്യത്യാസമെന്തെന്നുള്ള ചോദ്യത്തോട് ഹുദൂറിന്റെ പ്രതികരണം എന്താണ്?

ഹുദൂർ അൻവർ പറഞ്ഞു: അവസാനകാലത്ത് ഒരു പരിഷ്കർത്താവ് വരുമെന്ന് നബി(സ) തിരുമേനി പറഞ്ഞിരുന്നു. മസീഹെന്നും മഹ്ദിയെന്നുമുള്ള നാമത്തോടുകൂടിയാണ് ആ വാഗ്ദത്ത പരിഷ്കർത്താവ് വരിക. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ രൂപത്തിൽ ആ വ്യക്തി മസീഹെന്നും മഹ്ദിയെന്നുമുള്ള നിലയിൽ വന്നിരിക്കുന്നു എന്ന് അഹ്മദിയ്യാ ജമാഅത്ത് വിശ്വസിക്കുന്നു. മുസ്‌ലിമീങ്ങൾ അദ്ദേഹം വരുമെന്ന പ്രതീക്ഷയിലാണുള്ളത്. അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് ഞങ്ങൾ പറയുന്നു. സർവലോകത്തും ഇസ്‌ലാമിന്റെ പ്രചാരണം നടത്തുന്ന ജമാഅത്തിന് അദ്ദേഹം അസ്തിവാരമിട്ടു. ഇതുവരേക്കും മഹ്ദീ മസീഹ് വന്നിട്ടില്ലെന്ന് ഇതര മുസ്‌ലിമീങ്ങൾ പറയുന്നു. ഞങ്ങൾ വരാനിരിക്കുന്ന വ്യക്തിയെ നബി എന്ന് അംഗീകരിക്കുമ്പോൾ ഇതര മുസ്‌ലിമീങ്ങൾ അദ്ദേഹത്തെ നബിയായി അംഗീകരിക്കുന്നില്ല. നബി(സ)തിരുമേനി വരാനിരിക്കുന്ന വ്യക്തിക്ക് അല്ലാഹുവിന്റെ നബി എന്ന് പറഞ്ഞിട്ടുണ്ടെന്ന തെളിവാണ് ഞങ്ങൾ ഇവർക്ക് നല്കുന്നത്. എന്നിട്ടും ഇതര മുസ്‌ലിമീങ്ങൾ ഞങ്ങളെ ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്താക്കുന്നു. കാഫിർ എന്ന് വിളിക്കുന്നു.

ഞങ്ങൾ പറയുന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ വാഗ്ദത്ത മസീഹ്(അ), നബി(സ)തിരുമേനിയുടെ പ്രവചന സാക്ഷാത്ക്കാരമായി വന്നുവെന്നാണ്; ഇസ്‌ലാമിന്റെ യഥാർഥവും അടിസ്ഥാനപരവുമായ അധ്യാപനവും വിശുദ്ധ ഖുർആനിന്റെ അധ്യാപനവും അദ്ദേഹം ലോകത്തിന്റെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നു. താൻ രണ്ട് ലക്ഷ്യവുമായിട്ടാണ് വന്നിട്ടുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുമുണ്ട്; അതായത് ആദ്യത്തേത് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുക. ഉന്നതനായ ദൈവത്തെ തിരിച്ചറിയുക. രണ്ടാമത്തേത് അവന്റെ ദാസന്മാരോടുള്ള കടമകൾ നിറവേറ്റുക. ഇതു തന്നെയാണ് ഇസ്‌ലാമിക അധ്യാപനങ്ങളുടെ സാരവും.

✵ഒരു അതിഥി: ഹുദൂർ അൻവറിന്റെ ജുമുഅ പ്രഭാഷണം വളരെ അർഥഗംഭീരമായിരുന്നു. അതിന് ഞാൻ ഹുദൂറിന് നന്ദി പറയുന്നു.

✵ ഒരു സ്നേഹിതൻ ചോദിച്ചു. ക്രിസ്ത്യാനികളുടേയും യഹൂദരുടേയും കൈയിൽ 10 കല്പനകളുണ്ട്. മുസ്‌ലിമീങ്ങളുടെയടുക്കൽ എന്താണുള്ളത്?

ഹുദൂർ അൻവർ: മുസ്‌ലിമീങ്ങളുടെയടുക്കൽ

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 06 August 2020 Issue-32

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

വിശുദ്ധ ഖുർആനിന്റെ അധ്യാപനമാണുള്ളത്. ഞങ്ങൾ അഹ്മദികൾ അതനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

ഹുദൂർ അൻവർ പറഞ്ഞു: ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) അഹ്മദികൾക്കായി 10 നിബന്ധനകൾ അനുസരണ പ്രതിജ്ഞ എന്ന നിലയിൽ നിശ്ചയിച്ചിട്ടുണ്ട്. ഉന്നതനായ ദൈവം മുതൽ ദാസന്മാരുടെ കടമകൾ നിർവഹിക്കുന്നതു വരെയുള്ള എല്ലാ കാര്യങ്ങളും ഇവയിലുണ്ട്. ഏതൊരു അഹ്മദി അനുസരണ പ്രതിജ്ഞ ചെയ്യുന്നുവോ അയാൾ ഇതെല്ലാം അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.

❁ ലിഥ്വാനിയായിൽനിന്നു വന്ന ജെറോനിമാസ് ലോഷ്യസ്(Jeronimas Laucius) പറയുന്നു: ഞാൻ എഴുത്തുകാരനാണ്. നിങ്ങളുടെ ജമാഅത്തിന്റെ സമാധാനസ്ഥാപനത്തിനുള്ള ശ്രമങ്ങൾ എന്നും പത്രങ്ങളിലും മാസികകളിലും ഞാൻ എഴുതിക്കൊണ്ടിരിക്കും. രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ ജൽസയിൽ പങ്കെടുക്കുന്നത്. മുൻ ജൽസയുടെ തുടർച്ചയായാണ് എനിക്ക് ഈ ജൽസ അനുഭവപ്പെട്ടത്. ജൽസസാലാന വളരെയധികം പ്രയോജനം ഉൾക്കൊള്ളുന്ന ഒരു പരിപാടിയാണ്. കാരണം ഇതിൽ വർത്തമാന കാലത്തെ പ്രശ്നങ്ങളുടെ പരിഹാരങ്ങളെ കുറിച്ചുള്ള പ്രഭാഷണങ്ങൾ നടത്തപ്പെടുന്നു. ലോകത്ത് സമാധാനം വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തപ്പെടുന്നു. വിശ്വാസത്തിൽനിന്നു അകന്നു പോകുന്നവരുടെ വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അധ്യാപനങ്ങൾ നല്കപ്പെടുന്നു. ഖലീഫ സാഹിബിന്റെ പ്രഭാഷണങ്ങളിൽനിന്ന് വളരെയധികം കാര്യങ്ങൾ പഠിക്കാൻ എനിക്ക് അവസരം കൈവന്നിരിക്കുന്നു.

❁ ഹെൻട്രികാസ് സാർജെലീസ്(Henrikas Sarogelis)പറയുന്നു: മുമ്പേ ഇസ്‌ലാമിനെ സംബന്ധിച്ച് നിഷേധാത്മകമായ നിലപാടാണ് ഞാൻ സ്വീകരിച്ചിരുന്നത്. ഇപ്പോൾ ജല്സയിൽ പങ്കെടുത്തതിനു ശേഷം എന്റെ വിചാരങ്ങൾ മാറിയിരിക്കുന്നു. എന്റെ ഹൃദയത്തിൽ മുസ്‌ലിമീങ്ങളോടു ആദരവിന്റെ വികാരങ്ങൾ ഉണ്ടായിരിക്കുന്നു. പുതിയ അധ്യാപനങ്ങൾ ലഭിച്ചതോടൊപ്പം എന്റെ മതത്തോടുള്ള താൽപര്യവും വർധിച്ചിരിക്കുന്നു. ജൽസയുടെ ഏർപ്പാടുകൾ വളരെ വ്യവസ്ഥാപിതമായി നിർവഹിക്കപ്പെട്ടിരിക്കുന്നു. എല്ലാവരും വളരെ സൽസ്വഭാവത്തോട് പെരുമാറി. ഖലീഫ സാഹിബുമായുള്ള കൂടിക്കാഴ്ചാനുഭവം വളരെ നല്ലതായിരുന്നു. വളരെ സാധാരണവും നല്ലതുമായ രീതിയിൽ ഹുദൂറുമായുള്ള സംഭാഷണം നടന്നു. എന്റെ ഹൃദയത്തിൽ ഹുദൂറിനോടു വളരെയധികം ആദരവിന്റെ വികാരങ്ങളുണ്ട്.

❁ ലിത്വാനിയായിൽ നിന്നുവന്ന ഡാൻഗോൾ സാരാപിനീൻ (Dangyole Sarapiniene) സാഹിബ പറയുന്നു: രണ്ടാമതൊരു പ്രാവശ്യംകൂടി ജൽസയിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചു. സുവ്യവസ്ഥാപിതവും സന്തോഷദായകവുമായ അന്തരീക്ഷമായിരുന്നു അത്. എന്റെ മകളുടെ വിവാഹം ഒരു അഹ്മദി, മസ്റൂർ അഹ്മദ് ഖമറുമായി നടന്നപ്പോൾ തുടക്കത്തിൽ എന്റെ വികാരങ്ങൾ ഇസ്‌ലാമിനെ സംബന്ധിച്ച് നിഷേധാത്മകമായിരുന്നു. എന്റെ മകളോടുള്ള മരുമകന്റെ നല്ല സമീപനം കണ്ടപ്പോൾ അവരെനിക്ക് ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ പറഞ്ഞു തന്നപ്പോൾ ശാന്തി കൈവന്നു. ഞാൻ ഇസ്‌ലാമിനെ മറ്റൊരു രീതിയിൽ കാണാൻ തുടങ്ങി. ജൽസ മുഖേന എനിക്ക് ഇസ്‌ലാമിനെ കുറിച്ച് കൂടുതൽ പരിചയം കൈവന്നു. ഞാൻ വളരെ സംതൃപ്തയാണ്.

❁ ലിത്വാനിയായിൽ നിന്നുവന്ന ഡാനൂട്ട സർജലീൻ(Danuta Sargeliene) സാഹിബ പറയുന്നു: ഞാൻ എല്ലാ മതങ്ങളേയും ആദരിക്കുന്നു; ഇതേ പോലെ ഇസ്‌ലാമിനേയും. ഇസ്‌ലാമിനെ കുറിച്ചുള്ള എന്റെ അറിവ് ജൽസ മുഖേന വർധിച്ചു. പ്രത്യേകിച്ചും സ്ത്രീകളോടുള്ള മുസ്‌ലിമീങ്ങളുടെ സമീപനം വളരെ നല്ലതാണ്. ജൽസ തികച്ചും വ്യസ്ഥപിതമായിരുന്നു. നിഷ്കളങ്കത നിറഞ്ഞ ആരാധനകൾ കണ്ടപ്പോൾ വളരെ നല്ലതായി തോന്നി.

❁ ലിത്വാനിയായിൽ നിന്നുവന്ന അബ്ദുസ്സത്താർ ബൊബോവ് പറയുന്നു: അഹ്മദികൾ മുസ്‌ലിമീങ്ങളല്ല എന്നു ഞാൻ കേട്ടിരുന്നു. മദ്യം അനുവദനീയമായി ഗണിക്കുന്നുവെന്നും ധരിച്ചിരുന്നു. ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ അഹ്മദികളുടെ മസ്ജിദ് കണ്ടിട്ടുണ്ട്. ഇതിൽ നമസ്കരിച്ചപ്പോൾ മനസ്സിലായി ഇവർ മുസ്‌ലിമീങ്ങളാണെന്ന്. ഇസ്‌ലാമിന്റെ അഞ്ചു കാര്യങ്ങളും അനുസരിച്ച് പ്രവർത്തിക്കുന്നതായും മനസ്സിലായി. ഇവർ ഇമാം മഹ്ദിയെ വിശ്വസിക്കുന്നതായി ജൽസയിൽ പങ്കെടുത്തപ്പോൾ മനസ്സിലായി. മദ്യപാനം ഒട്ടുമില്ലാത്തവരാണെന്നും നിഷിധ കാര്യങ്ങളിൽനിന്ന് പൂർണമായും വിട്ടുനില്ക്കുന്നവരാണെന്നും മനസ്സിലായി. ഇവിടെ ജൽസയിൽ പങ്കെടുത്തപ്പോൾ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. അടിസ്ഥാനപരമായി ഞാൻ നിങ്ങളെല്ലാവരേയും മുസ്‌ലിമീങ്ങളാണെന്നാണ് മനസ്സിലാക്കുന്നത്. ദീനിന്റെ കാര്യങ്ങളും ഇസ്‌ലാമിന്റെ കാര്യങ്ങളും മുസ്‌ലിമീങ്ങൾ ചെയ്യുന്നതു തന്നെയാണ് നിങ്ങളും ചെയ്യുന്നത്. നിങ്ങൾ ഇമാം അബൂ ഹനീഫയെ ഇമാമെന്ന് മനസ്സിലാക്കുന്നു എന്നും എനിക്കറിയാം. അദ്ദേഹത്തിന്റെ ഫിഖ്ഹ് അനുസരിച്ച് പ്രവർത്തിക്കുന്നുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ജൽസയിലെ ധാരാളം കാര്യങ്ങൾ നല്ലതായി തോന്നി. ഹജ്ജു കഴിഞ്ഞാൽ ഏറ്റവുമധികം ആളുകൾ ഇവിടെയാണ് ഒത്തുകൂടുന്നതെന്ന് കാണാൻ കഴിഞ്ഞു. ഖലീഫ സാഹിബുമായുള്ള കൂടിക്കാഴ്ച വളരെ നല്ല അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ മുഖം വളരെ പ്രകാശിതമായിരുന്നു. ഞാൻ താജിക്കിസ്ഥാനിൽ ആയിരുന്നപ്പോൾ എം.ടീ.എ യിൽ അദ്ദേഹത്തെ കാണാറുണ്ടായിരുന്നു. വളരെ ആകർഷിതനായിരുന്നു. അദ്ദേഹം വളരെ നല്ല ഒരു മഹാത്മാവാണ്.

ലിഥ്വാനിയൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 9.20 വരെ നീണ്ടു നിന്നു. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. ശേഷം താമസസ്ഥലത്തേക്ക് പോയ ഹുദൂർ അൻവർ 10.00 മണിക്ക് പുരുഷന്മാരുടെ ജൽസാഗാഹിലെത്തി മഗ്‌രിബ് ഇശാഅ് നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.(തുടരും)(ബദ്ർ ഉർദു പത്രം, ജൂലായ് 25–ആഗസ്റ്റ് 01, 2019)

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

"അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽനിന്നും എല്ലാ ഓരോരുത്തരേയും കാത്തു രക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)

### ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

ത്വാലിബെ ദുആ:
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin